
# ആനശാന്തം.



T60
G65

# ആന ശാസ്ത്രം

(നിഗൂഢ ശാസ്ത്രഗ്രന്ഥം)

[ പാലകാപ്യമഹർഷി ലോകോപകാരത്തിനായി
അരുളിച്ചെയ്തതു് ]

കെ. ആർ. ഗോപാലകൃഷ്ണൻ

DHARMARAM COLLEGE LIBRARY, BANGALORE.
20170

വില: 1-25

PUBLISHERS

C. M. BOOK STALL

KUNNAMKULAM

(KERALA)

NATIONAL BOOK STALL SPCS LTD. KOTTAYAM.

*Palakapiyas*

# AAÑA SASTRAM

(സ്വതന്ത്ര വിവർത്തനം)

**By: K. R. Gopalakrishnan**

---

പാലകാപ്യ മഹർഷി അരുളിച്ചെയ്ത

**ആന ശാസ്ത്രം**

സ്വതന്ത്രവിവത്തനം

**By**

കെ. ആർ. ഗോപാലകൃഷ്ണൻ

ഒന്നാം പതിപ്പ്
1963 ജനുവരി
കോപ്പികൾ ആയിരം
വില 1-25

പ്രസാധകന്മാർ
സി. എം. ബുക്ക് സ്റ്റാൾ
കുന്നംകുളം

കവർ ബ്ലോക്ക്
സുമൻ ബ്ലോക്ക്സ്
തൃശ്ശൂർ

അച്ചടി
കമല പ്രസ്സ്
തൃശ്ശൂർ

---

Publishers
**C. M. BOOK STALL**
KUNNAMKULAM
(Kerala)

മാതംഗമുനിതൻപുത്രൻ
പാലകാപ്യൻമഹാശയൻ
രചിച്ചതാണാനശാസ്ത്രം
1) പണ്ടുനാഗരഭാഷയിൽ

ദന്തികൾക്കൊപ്പമാഘോര-
കാന്തരത്തിൽവസിക്കവേ,
ഈഗ്രന്ഥത്തിലെഭാഗങ്ങൾ
2) പരീക്ഷിച്ചുമഹാമുനി

ബ്രഹ്മാവിൻവരദാനത്താൽ
പണ്ടുപണ്ടാവനങ്ങളിൽ
ദന്തികൾക്കസുഹൃത്തായി
3) ത്തീർന്നോരിശ്ശാസ്ത്രപണ്ഡിതൻ

നിർമ്മിച്ചോരീയാനശാസ്ത്രം
ശുദ്ധശാസ്ത്രമതിങ്ങിനെ
മാനവർക്കറിവിന്നായി
ത്തീർപ്പൂഞാൻമാതൃഭാഷയിൽ

10-12-'62 (പരിഭാഷകൻ)

# ആമുഖം

പാലകാപ്യൻ എന്നു പ്രസിദ്ധനായ മഹാമുനിയാൽ ഉപദിഷ്ടമായതും വളരെ രഹസ്യമായി സൂക്ഷിച്ചുവരുന്നതുമായ ഒരു അമൂല്യ ഗ്രന്ഥമാണ് ഈ ആനശാസ്ത്രം.

ഗജങ്ങളോടുകൂടി അനവധിസംവത്സരം കാട്ടിൽ കഴിച്ചു കൂട്ടിയ മഹാമുനി ലോകോപകരത്തിനായിക്കൊണ്ട് അരുളിച്ചെയ്തതാണ് ഇതിൽ ഉദ്ധിരിക്കുന്ന വിഷയങ്ങൾ.

അസുലഭങ്ങളായ അനവധി ശാസ്ത്രഗ്രന്ഥങ്ങളും മററുമുള്ള നമ്മുടെ നാട്ടിൽ ഇത്തരത്തിലുള്ള അപൂർവ്വ ശാസ്ത്രങ്ങളുടെ അഭാവം വളരെയധികം ഖേദകരമാണെന്നാണ് എനിക്കുതോന്നുന്നത്.

അപ്രകാശിതങ്ങളും അനന്യലഭ്യങ്ങളുമായ ഇത്തരം കൃതികൾ തേടിപ്പിടിച്ചു പ്രസിദ്ധീകരിക്കേണ്ടതു് പ്രസാധകന്മാരുടെ മുഖ്യമായ ഒരു കടമമാത്രമാകുന്നു. കേരളത്തിൻെറ അമൂല്യവും അതിപ്രസിദ്ധവുമായ ഒരു പുരാതനകലയാകുന്നു 'ആനപ്പാവു്'

കേട്ടുകേൾവിയല്ലാതെ ഇത്തരം പന്ഥാവുകളിൽ സുഗമസഞ്ചാരം ചെയ്യാൻ കഴിവുള്ളവർ ഇന്നു നമ്മുടെ നാട്ടിലില്ല എന്നുതന്നെപറയാം. ഏതുകൊലകൊമ്പന്മാരായ വമ്പനാനകളേയും നിഷ്പ്രയാസം കൊമ്പുകുത്തിക്കുവാ

നും മദയാനകളെ കെട്ടുകററിമേൽ തളച്ചിടുവാനും കഴിവുള്ളവർ ഈ കാലഘട്ടത്തിൽ വളരെ വിരളമാണ് ശാസ്ത്രത്തിൻെറ അഭ്യസനത്തിൽ കാണിക്കുന്ന അനാസ്ഥയെ മാത്രം ഇതിന്നു് തക്ക കാരണമായി പറഞ്ഞുകൂടാ.

ശാസ്ത്രഗ്രന്ഥങ്ങളുടെ വൈരള്യവുമുണ്ടു് ഈ വിഷയത്തിൽ. ഇതിനൊരു പരിഹാരം കാണേണ്ടതും ആനപ്പാവു എന്ന വിശിഷ്ടകലയെ പുനരുദ്ധരിക്കേണ്ടതും അവശ്യം ആവശ്യമാകുന്നു.

വിജ്ഞാനസമ്പാദത്തിനു പുറമെ നരസിംഹമൂർത്തിയുടെ സേവയും മററു കർമ്മങ്ങളും വിധിക്കതെക്കുവണ്ണ മനുഷ്ഠിച്ചു് സിദ്ധരായിത്തീർന്ന നമ്മുടെ പൂർവ്വസൂരികൾക്കു് ഇന്നു് അനുയായികളില്ലെന്നോക്കുമ്പോൾ ഖേദകരമായ ഈ സത്യം വളരെ വേദനാജനകമാണെന്നു് മനസ്സിലാക്കാം.

ഗജസംരക്ഷണത്തിനും മററും മുൻകൈയ്യെടുത്തു് അനവധി പണം വാരിക്കോരി ചിലവാക്കുന്ന നമ്മുടെ സംസ്ഥാന ഗവണ്മേന്റിൻെറ ശ്രദ്ധയും ഈ വിഷയത്തിൽഅത്യുല്ക്കടമായ ആവേശത്തോടുകൂടി കേന്ദ്രീകരിക്കപ്പെടേണ്ടതാണെന്നാണ് എൻെറ വിനീതമായഅഭിപ്രായം.

ഐതിഹ്യങ്ങളിൽനിന്നും, ചരിത്രരേഖകളിൽനിന്നും കിട്ടാവുന്ന ശാസ്ത്രഗ്രന്ഥങ്ങളിൽനിന്നും ആവശ്യമായവ തിരഞ്ഞെടുത്തു് പ്രസിദ്ധീകരിക്കുന്നതിന് ഫലപ്രദമായ ഒരു

പരിപാടി ആസൂത്രണം ചെയ്യുകയും അതനുസരിച്ച് പ്രവത്തിയ്ക്കുന്ന സ്ഥാപനങ്ങൾക്കും പ്രസാധകന്മാക്കും ഗ്രന്ഥരചനയിലേപ്പെട്ടിരിക്കുന്നവക്കും സഹായസഹകരണങ്ങൾ ഉള്ളഴിഞ്ഞരീതികളിൽ നൽകുകയും ചെയ്യുന്നതു് ഇത്തരം ശാസ്ത്രഗ്രന്ഥങ്ങളുടെവളച്ച്ക്കു് ഉപകരിക്കുന്നതാണു്.

വളരെധികം അദ്ധ്വാനകരങ്ങളായ ഇത്തരം ശാസ്ത്രഗ്രന്ഥങ്ങളുടെ പ്രസാധനംനമ്മുടെ കേരളീയകലകൾക്കു് പൊതുവേ ആരോഗ്യകരമായിരിക്കുമെന്നതിൽപക്ഷാന്തരമില്ല.

എല്ലാവക്കും ഏററവും വേഗം മനസ്സിലാകുന്നതിന്നു പാകത്തമായ ലളിതഭാഷയിൽആണു് ഈഗ്രന്ഥം തയ്യാറാക്കപ്പെട്ടിരിക്കുന്നതും. ഉദാഹരണത്തിനു ഒന്നു രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കുന്നു.

സ്നിഗ്ദ്ധദന്തനഖരോമവക്ഷ്വക്ഷോ
ദീഘകണ്ണ് കരബാലവംശിനഃ

എന്നാരംഭിക്കുന്ന മൂലശ്ലോകത്തിൻെറ തജ്ജമയുടെ ഒരു ഭാഗം താഴെ കാണിക്കാം.

'ആനയ്ക്കെണ്ണ മയംവേണം
കൊമ്പും കണ്ണും നഖങ്ങളും

എന്നരീതിയിൽഎളുപ്പം മനസ്സിലാവുന്നതരത്തിലാണു് ഈപുസ്തകം തയ്യാറാക്കിയിരിക്കുന്നതു്.

ഇടത്തേകൊമ്പുയർന്നീടി.-
ലെട്ടിലൊന്നു കുറയ്ക്കണം
പിടിയാനക്കുകൊമ്പൻെറ
മൂന്നൊന്നുവില്ലയേകിടാം-

ഇതിലും ലളിതമായരീതിയിൽ ഗഹനങ്ങളായ കായ്യങ്ങാം ഭാഷാന്തരീകകണം ചെയ്യാൻകഴിയുമെന്നു് എനിക്കുവി ശ്വാസമില്ല.

ഈപുസ്തകത്തിൻെറ ഉപയോഗങ്ങാംക്കാവശ്യമാ ണെന്നുതോന്നിയ മററുചിലഭാഗങ്ങളും അവിടവിടെയാ യിഉാംക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുള്ളതു്ഒരുഅധികപ്പററാ യിരിക്കുകയില്ലെന്നാണു് വിശ്വാസം—

ഏതുകൊലകൊമ്പനേയും തൻെറദൃഷ്ടി ചലനങ്ങ ളും നോട്ടങ്ങളും കൊണ്ടു് വശത്താക്കാൻകഴിവുള്ളവരായ പഴമക്കാർ ഈവിഷയത്തിൽനമുക്കുണ്ടായിരുന്നതായി ഇതിഹാസങ്ങളിലും ചരിത്രരേഖകളിലുംകാണുന്നുണ്ടു്.

അത്തരക്കാരുടെഅപൂർവ്വസ്മരണകാം നിലനിത്താ നെങ്കിലും നമുക്കുകഴിയേണ്ടിയിരിക്കുന്നു.

ഗജസംരക്ഷണത്തെക്കുറിച്ച് വിജ്ഞേയങ്ങളായ അഭിപ്രായങ്ങളും ലക്ഷണങ്ങളും മററും വിശദമായും എനിക്കു്ആവുന്നത്രലളിതമായും ക്രോഡീകരിച്ച് ഈഗ്ര ന്ഥത്തിൻെറ വിവിധഭാഗങ്ങളിൽ ഉാംക്കൊള്ളിക്കാനു ള്ളശ്രമം എത്രത്തോളംസഫലമായിട്ടുണ്ടെന്നു് സഹൃദയർ

തീരുമാനിക്കട്ടെ. പാശ്ചാത്യരീതികളിൽ ചികിത്സകളും മററുംനിർദ്ദേശിക്കുന്ന അവസരങ്ങളിൽപോലും രോഗാദി നിരൂപണങ്ങൾ എളുപ്പമായി കൈകാര്യംചെയ്യാനുതകുന്നഗ്രന്ഥങ്ങളില്ലെന്നാണറിവ്.

കേരളീയപശ്ചാത്തലങ്ങളുടെ വെളിച്ചത്തിൽനമ്മുടെഭാഷയിൽ തന്നെതയ്യാറാക്കിയഈപുസ്തകത്തിന്ന് അതുല്യമായസ്വീകരണം ഉണ്ടാവുമെന്നുള്ള വിനീതവിശ്വാസത്തോടുകൂടി ഈ പുസ്തകംസഹൃദയരുടെ മുൻപിൽ സമർപ്പിക്കുന്നു.

10-12-62 പരിഭാഷകൻ.

# ഒന്നാം അദ്ധ്യായം.

ആദ്യമായിവാരണങ്ങളുടെ ഉൽപത്തി, വയോലക്ഷണം സ്ത്രീപുരുഷവ്യത്യാസങ്ങൾ, വയോമാനങ്ങൾ(വയസ്സുകൾ, അളവുകൾഎന്നിവ)സത്വഭേദങ്ങൾ, മദഭേദങ്ങൾ, മദംപൊട്ടിയകാട്ടാനകളെ പിടിച്ചു കെട്ടുന്നരീതികൾ, ക്രമങ്ങൾ, ഋതുക്കൾ, ആചാരഭേദങ്ങൾ, മത്തേഭവീര്യങ്ങൾ, ഗുണങ്ങൾ, എന്നിവക്രമാനുഗതമായി ഏററവും ലളിതമായ ഭാഷയിലും രീതിയിലും ചുരുക്കമായി വിവരിക്കുന്നു. ഈ ശാസ്ത്രം പ്രസിദ്ധരായ മഹഷിവര്യന്മാർ അവരുടെ സകലകഴിവുകളും ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതും ലോകോപകാരാർത്ഥം അരുളിചെയ്തിട്ടുള്ളതുമാണ്. പലവിധശാസ്ത്രങ്ങളേയും പരിശോധിക്കുകയും ആവശ്യമായവകൂട്ടിച്ചേർക്കുകയും അല്ലാത്തവതിരസ്കരിക്കുകയുംചെയ്തുകൊണ്ടാണ് മലയാള ഭാഷയിൽ ഈ കൃതി ആദ്യമായവതരിപ്പിക്കുന്നതു്. ഇതിന്റെ ഗുണഗണങ്ങളെക്കുറിച്ച് അധികമായി പ്രകീർത്തിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അസുലഭങ്ങളായ ഇത്തരം കൃതികളുടെ ആവ

ശ്യം കുറെയെങ്കിലുംപരിഹരിക്കുവാൻ ഈപുസ്തകത്തിനു് കഴിയുമെന്നു മാത്രം വിശ്വസിച്ചുകൊണ്ടു് പ്രകൃതത്തിലേക്കു കടക്കാം.

പണ്ടു് പമ്പ എന്നു പ്രസിദ്ധമായ ഒരു നഗരമുണ്ടായിരുന്നു. അനന്യങ്ങളായ ഐശ്വര്യങ്ങളാൽ അനുഗ്രഹീതമായിരുന്നു ആ നഗരം. അഷ്ടൈശ്വര്യങ്ങളുടെ കളിവീടായിരുന്ന ആ നഗരം വാണരുളിയിരുന്നതു് രോമപാദൻ എന്നു പ്രസിദ്ധനായ ഒരു മഹാരാജാവായിരുന്നു. ആകാരസദൃശപ്രജ്ഞനും, അനുഗ്രഹീതനുമായ ആ രാജാവിൻെറ വെണ്കൊററക്കുടയുടെകീഴിൽ പലവിധ രാജഭോഗങ്ങളുമനുഭവിച്ചുകൊണ്ടു് അന്നു്ആളുകൾ സുഖസമൃമായ ഒരു ജീവിതം നയിച്ചുവന്നു.

ഒരു ദിവസം മന്ത്രമണ്ഡപത്തിലെഴുന്നള്ളിയ മഹാരാജാവിനെ അഭിമുഖീകരിച്ചതു് ഒരു വേദനിപ്പിക്കുന്ന വാൎത്തയാണു്. മന്ത്രിമാരിൽനിന്നു മറിഞ്ഞ ആ ദുഃഖവാൎത്ത രാജാവിനെ ഞെട്ടിപ്പിക്കുകയും വേദനിപ്പിക്കുകയുംചെയ്തു. കാട്ടാനകളിറങ്ങി ആഐശ്വര്യത്തിൻെറ നാട്ടു് കുട്ടിച്ചോറാക്കിയിരുന്നു. രാജാവു് പരിഭ്രാന്തനായി. ഇനി അടിയന്തിരമായി ചെയ്യേണ്ട കാൎയ്യങ്ങളെക്കുറിച്ചു് പരിജനങ്ങളുമായി ആലോചിക്കുവാൻ അദ്ദേഹം തയ്യാറായി. അങ്ങിനെ ഒരു പുതിയ വിഷയത്തിൻെറ ചൎച്ചാവേളയിലാണു് രാജസദസ്സിൽ ചില മഹൎഷിമാർ ആഗതരായതു്– ഗൌതമമഹൎഷി, നാരദമഹൎഷി, ഭൃഗുമഹൎഷി, മൃഗചൎമ്മമഹൎഷി, കാവ്യമഹൎഷി, മാതംഗമഹൎഷി

മഹർഷി, തുടങ്ങിയ ആ മഹർഷി സമൂഹത്തെ അർഘ്യ പാദ്യാദികളും, സിംഹാസനങ്ങളും നൽകികൊണ്ട് മഹാ രാജാവ് സ്വീകരിച്ചു. ബ്രഹ്മൻ, വിഷ്ണു, മഹേശ്വരൻ എന്നീ ത്രിമൂത്തികളുടേയും, മററ ദേവഗന്ധവ്വ സമൂഹ ത്തിൻേറയും അഭിപ്രായമനുസരിച്ച് സദസ്സിൽ ആഗത രായ ആ മഹാമുനികൾ രാജാവിൻെറ ആചാരോപചാര ങ്ങളിലും അതിഥിസല്ക്കാരകാര്യങ്ങളിലും സംതൃപ്തരായി.

ആമഹാമുനികൾ സവ്വശക്തനായ രാജാവിനു് ആ വശ്യമായ ഉപദേശങ്ങളും വരങ്ങളും യഥേഷ്ടം നൽകി. അ ങ്ങിനെ ആ പ്രത്യേക സന്ദർഭത്തിൽ അപ്രതീക്ഷിതമായി അനുഗ്രഹീതനായ രാജാവു് സന്തുഷ്ടനാവുകയും ആവശ്യ മായ നടപടികൾ ഉടൻ ആരംഭിക്കുകയുംചെയ്തു.

മഹാമുനികളുടെ ഉപദേശപ്രകാരം ആരോമപാദരാ ജാവ് ആനകളെ പിടിച്ചുകെട്ടുവാനും തൻെറ പ്രജകൾ ക്കും, നാടിനും നേരിട്ടിരിക്കുന്ന നാശനഷ്ടങ്ങൾ പരിഹ രിക്കുവാനും മന്ത്രിമാരെയും സേവനസന്നദ്ധരായ സേനാ സമൂഹത്തേയും കാട്ടിലേക്കയെച്ചു.

സായുധരായി വനത്തിൽ നടക്കുന്ന മന്ത്രിമാർ ഒരു മഹഷിയുടെ പാവനാശ്രമത്തിൽ ചെന്നുപെട്ടു. ആശ്ര മപരിസരങ്ങളിലെ കുന്നിൻപുറങ്ങളിൽകൊമ്പുകുത്തിക്ക ളിക്കുന്ന ഗജശ്രേഷ്ടന്മാർ അവൎക്ക് അക്ഷിലക്ഷീഭവിച്ചു. ആഗജശ്രേഷ്ടന്മാരൊന്നിച്ച് മറെറാരു മഹഷിയേയും അ വർസന്ദശിച്ചു. സന്ധ്യാകാലങ്ങളിൽ ആകട്ടെ ആന കളൊന്നിച്ച് ആ മുനിയെകണ്ടതുമില്ല.

മഹർഷിയുടെ പുണ്യാശ്രമത്തിനടുത്തു ആനക്കൂട്ടം വിഹരിക്കുന്ന വിവരം അവർ രാജാവിനെ അറിയിച്ചു. സന്ധ്യാകാലങ്ങളിൽ വേർപെട്ടുപോകുന്ന മുനിയെക്കുറിച്ചും അവർപറഞ്ഞു. ഈ വിവരങ്ങളൊക്കെയും ശ്രദ്ധിച്ചുകേട്ട രാജാവു് മന്ത്രിമാരോടും സേനാസന്നാഹങ്ങളോടും കൂടി മഹർഷിയുടെ ആശ്രമത്തിലേക്കു പുറപ്പെട്ടു. മഹർഷി വേർപ്പെട്ടുപോയിരുന്ന ഒരു സന്ധ്യാകാലമായിരുന്നു അതു്. ആ തക്കംനോക്കി അവർ ആനകളെ ബന്ധിച്ചു. അങ്ങിനെ ബന്ധനസ്ഥരായ ആ ആനകളെ നഗരത്തിലേക്കു് ആനയിക്കുകയും നാരദൻ തുടങ്ങിയ മഹാമുനികളെ ഏല്പിക്കുകയും ചെയ്തു. അതിന്നുശേഷം ആനഗരത്തിൽ ആനകളെക്കൊണ്ടുള്ള ശല്യമൊഴിഞ്ഞത് പ്രജകളും സുഖത്തോടുകൂടി ജീവിച്ചു.

അങ്ങിനെയിരിക്കുന്നഅവസരത്തിൽ പാലകാവ്യമുനി തൻെറ അഛൻെറ ആശ്രമത്തിൽനിന്നു് ആനകളെ അന്വേഷിച്ചെത്തിയതു് സധാരണ കാണാറുള്ള സ്ഥലങ്ങളിൽ മുഴവൻ അദ്ദേഹം തിരഞ്ഞു. ഒരിടത്തും കണ്ടെത്തിയില്ല. അന്വേഷണതല്പരനായ ആമുനികുമാരൻ തൻെറ പ്രിയപ്പെട്ട സ്നേഹിതന്മാരായ മത്തേഭങ്ങളെ കാണാത്തതുകൊണ്ടു് അത്യധികം വ്യാകുലചിത്തരായി. ഹൃദയവേദനസഹിക്കവയ്യാതെ പരവശനായ അദ്ദേഹം എല്ലാ സ്ഥലങ്ങളിലും അന്വേഷിച്ചതിന്നശേഷം അവസാനം ചമ്പാനഗരിയിൽ ചെന്നുചേർന്നു. അവിടെ കണ്ടകാഴ്ച അദ്ദേഹത്തെ കൂടുതൽ പാരവശ്യമുള്ളവനാക്കി. ആനകളെല്ലാം

ബന്ധിക്കപ്പെട്ട നിലയിൽ നില്ക്കുന്നു. സ്നേഹസമ്പന്നനായഅദ്ദേഹത്തിനതു് സഹിച്ചില്ല. വ്യാകുലാത്മാവായഅദ്ദേഹം ആനകളുടെ ദേഹത്തിൽ ഉളവായിരിക്കുന്ന വ്രണങ്ങളിൽ സ്നേഹപൂർവ്വം തലോടുകയും ആ വ്രണങ്ങൾ ശമിപ്പിക്കുന്നതിന്നാവശ്യമായ ചികിത്സകൾ ചെയ്യുകയും ചെയ്തു.

അവിടെ സന്നിഹിതരായിരിക്കുന്ന ഗൌതമൻ തുടങ്ങിയ മുനികൾ ഇതു കണ്ടു. ഒരു മുനികുമാരൻ ആനക്കൂട്ടത്തിനടുത്തുചെന്നു് ആനകളെ ശുശ്രൂഷിക്കുന്നു. അവർ അത്ഭുതസ്തബ്ധരായി കുറെനേരം നോക്കിനിന്നു. എന്നിട്ടു് ആ മുനികുമാരൻെറ അടുത്തുചെന്നു് അദ്ദേഹത്തിനോടു് ചോദിച്ചു.

'അല്ലയോമുനികുമാരാ, നീ എതാണു്? എന്തിനാണു് നീ സങ്കടത്തോടുകൂടി ഈ ആനകളുടെ മുറിവുകളും വ്രണങ്ങളും തലോടുന്നതു്? നിന്നെക്കുറിച്ചറിയാൻഞങ്ങൾ ആഗ്രഹിക്കുന്നു. നിനക്കു ഈ കാട്ടാനകളോടു് ദയ തോന്നാൻ എന്താണു് കാരണം?

ഈ ചോദ്യങ്ങൾക്കൊന്നിനും മുനികുമാരൻ യാതൊരു മറുപടിയും പറഞ്ഞില്ല. ഒന്നും മിണ്ടാതെ അയാൾ വീണ്ടും തൻെറ സ്നേഹപൂർവ്വമായ പ്രവൃത്തികളിൽ മുഴുകുകമാത്രം ചെയ്തു.

മുനീന്ദ്രന്മാർ പറഞ്ഞു് രാജാവു് ഈവിവരങ്ങൾ എല്ലാം കേട്ടു് അത്ഭുതസ്തബ്ധനായി. പിന്നീടു് അഘ്യപാദ്യാ

കളമായി രാജാവു് ആ മുനികുമാരന്റെ അടുക്കൽ ചെന്നു. അദ്ദേഹത്തെ യഥാവിധി പൂജിച്ചു് ഉപചരിക്കുകയും നമസ്കരിക്കുകയും ചെയ്തു. ഇതിന്നുശേഷവും വിവരങ്ങളെല്ലാം ചോദിച്ചറിയുവാൻ ഉള്ളൂണ്ണപ്രകടിപ്പിക്കുകയും ചെയ്തുവെങ്കിലും മുനികുമാരൻപഴയതുപോലെ മൌനമാചരിക്കുകയാണുണ്ടായതു്.

ഉത്തരം പറയാതെ ഇരിക്കുന്ന മുനികുമാരനോടു വീണ്ടുംവീണ്ടും വിവരങ്ങൾ ചോദിച്ചു

മുനികുമാരൻ സന്തുഷ്ടനായിരാജാവിനോടു് ഇപ്രകാരം പറഞ്ഞു. അല്ലയോ രാജാവേ,ഞാൻ അങ്ങയുടെ ഈ പ്രവൃത്തികളിൽ സന്തുഷ്ടനായിരിക്കുന്നു. എന്നേയും ആനകളേയും സംബന്ധിക്കുന്ന കഥകൾ ഞാൻ വിവരിക്കാം. മനോഹരരൂപങ്ങളോടുകൂടിയ ആനകൾ ആകാശമാർഗ്ഗങ്ങളിൽകൂടിയും ഭൂമികളിൽകൂടിയും യഥേഷ്ടംസഞ്ചരിക്കുകയായിരുന്നു. അങ്ങിനെ ആനകൾ അനിവാര്യരായി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഹിമവാൻ പർവ്വതത്തിന്റെ വടക്കെ താഴ്വരയിൽ നില്ക്കുന്ന ഇരുനൂറിൽ പരം യോജന വിസ്താരമുള്ളതും അതിനേക്കാൾ പൊക്കം കൂടിയതുമായ ഒരു വലിയ പേരാലിന്മേൽ ചെന്നുവീണു.

ആനകൾ വന്നു വീണതു നിമിത്തം ആ വലിയ പേരാൽ മരത്തിന്റെ കൊമ്പുകളെല്ലാം ഒടിഞ്ഞുതകർന്നുവീണു. ആപേരാൽച്ചുവട്ടിൽധ്യാനനിമഗ്നനായിഇരുന്നിരുന്ന ദീർഘതപസ്സു് എന്നുപേരായ മഹർഷിയുടെ ആശ്രമത്തി

ൽ വന്നു വീഴുകയും ധ്യാനനിഷ്ഠയിൽ നിന്നുയൎന്ന മഹൎഷി കോപാവിഷ്ടനാവുകയും തന്റെ ആശ്രമത്തിൻ മുകളിൽ പേരാൽമരത്തിന്മേൽ വന്നു വീണ ആനകളെ ശാപത്തിന്നിരയാക്കുകയും ചെയ്തു. ശാപത്തിന് പാത്രീഭൂതരായ ആ ഗജങ്ങൾക്ക് മുൻപത്തെപ്പോലെ യഥേഷ്ടം നടക്കാൻ കഴിയാതെ വരികയും ചെയ്തു. അങ്ങിനെയാണ് ആനകൾ ഭൂമിയിലുള്ള മനുഷ്യരുടെ വാഹനമായിത്തീൎന്നതു്. അഷ്ടദിഗ്ഗജങ്ങൾ ഈ ശാപത്തിന്നു വിധേയരായതുമില്ല.

ഈ വിവരങ്ങളൊക്കെ ആകാശത്തിൽയഥേഷ്ടം സഞ്ചരിച്ചുകൊണ്ടിരുന്നഅഷ്ടദിഗ്ഗജങ്ങൾ അറിഞ്ഞു. അവർ മററുള്ള എല്ലാഗജങ്ങളോടും കൂടി സൃഷ്ടികൎത്താവായ ബ്രഹ്മാവിന്റെ അടുക്കൽ ചെന്നു് തങ്ങൾക്കും കുലത്തിനും നേരിട്ടിരിക്കുന്ന സങ്കടങ്ങൾക്ക് പരിഹാരമുണ്ടാക്കിത്തരേണമെന്നും താണുകേണപേക്ഷിച്ചു. അപ്രതീക്ഷിതമായഈ വിധിക്കു കീഴടങ്ങേണ്ടിവന്ന തങ്ങളുടെ കുലത്തിന്നു് ഭൂമിയിലുള്ള ജീൎണ്ണവസ്തുക്കൾ ഭുജിക്കുന്നതു മൂലം പലവ്യാധികളുമുണ്ടാവാനിടയുണ്ടെന്നും അതുകൊണ്ടു് ആവശ്യമായ കാൎയ്യങ്ങൾ ഇക്കാൎയ്യത്തിൽ ദയാപൂൎവ്വം ചെയ്തു് തങ്ങളുടെ അഭിമാനത്തെകാത്തുരക്ഷിക്കണമെന്നും തങ്ങളുടെ കുലം നശിച്ചുപോകാതിരിക്കാൻ വേണ്ടതു ചെയ്യണമെന്നും അപേക്ഷിച്ചു.

അതുകേട്ടുബ്രഹ്മാവു് താഴെ പറയുന്നപ്രകാരം അവരോടു് പറഞ്ഞു.

ഗജശ്രേഷ്ഠന്മാൎക്കു് ഒരു ഉത്തമബന്ധുവും സുഹൃത്തുമായ ഒരു മഹൎഷി അധികം കാലതാമസം കൂടാതെത്തന്നെ

ഭൂമിയിൽ ജനിക്കും ആ മുനി നിങ്ങളുടെ കുലത്തിന്നു നേരിട്ടേക്കാവുന്ന ദോഷങ്ങളിൽനിന്നു നിങ്ങളുടെ കുലത്തെ സംരക്ഷിക്കുകയും ചെയ്യും. ബ്രഹ്മാവുനൽകിയവരത്താൽ സന്തുഷ്ടരായ ദിഗ്ഗജങ്ങളും, മററു ദന്തിശ്രേഷ്ഠന്മാരും തങ്ങളുടെ നിവാസസ്ഥാനങ്ങളിലേക്കുമടങ്ങിപ്പോയി. അതിന്നുശേഷം ദിഗ്ഗജങ്ങളുടെ കൂട്ടത്തിൽഉണ്ടായിരുന്ന മററുള്ള ആനകൾ ദീർഘതപസ്സെന്ന മഹർഷിയുടെ ശാപത്തിന്നു വിധേയരായി ഭൂമിയിൽവന്നുചേരുകയും ശാപവിധേയരായ മററു ആനകളുടെകൂട്ടത്തിൽ ചേരുകയും ചെയ്തു.

ഈ സംഭവത്തിനുശേഷം ബ്രഹ്മാവു് യക്ഷകിന്നര മനുഷ്യാസുരദേവ തേജസ്സുകൾ എല്ലാം കൂട്ടിച്ചേർത്തുകൊണ്ടു് ഏററവും വിശ്വാവശ്യയും സുന്ദരിയുമായ ഒരു സ്ത്രീയെ സൃഷ്ടിച്ചു. സൌന്ദര്യസമ്പത്തുകൊണ്ടു് സരസ്വതിദേവിയേയും, ലക്ഷ്മീദേവിയേയും അതിശയിപ്പിക്കുന്നവളായിരുന്നു അവൾ. ഇത്രയും സുന്ദരിയായ ഒരു കന്യക ഈ ത്രിലോകങ്ങളിൽ ഇതിന്നുമുൻപു് ജനിച്ചിരുന്നില്ല. അതുകൊണ്ടു് തന്റെ അനശ്വരസൌന്ദര്യത്തിൽ അവൾക്കു് അഹംഭാവമുണ്ടായി. ഈവിവരം ബ്രഹ്മാവറിഞ്ഞു അവളെ ശപിക്കുകയും ചെയ്തു. ശാപം കൊണ്ടു് ഭസ്മീഭൂതയായ അവൾ ഭാർഗ്ഗവന്നു് മകളായി ഗുണവതി എന്നപേരോടു കൂടിവീണ്ടും ജനിക്കുകയും മതംഗ മഹർഷിയുടെ ആശ്രമത്തിൽ വീണ്ടും സന്തോഷത്തോടുകൂടി നിവസിക്കുകയും ചെയ്തു.

തന്റെ ഏകാഗ്രമായതപസ്സിന്നു് വിഘ്നം വരുത്തുന്നതിന്നുവേണ്ടിയായിരിക്കും ദേവകൾ ഇവളെ അയച്ചതെന്നു്

സംശയിച്ച് മാതംഗമുനി ഗുണവതിയെശാപത്തിന്നിര യാക്കി. ശാപത്തിൻെറ ഫലമായിഅവഠം പിടിയാനയാ യിത്തീർന്നു. പിന്നീട്ട് അവഠംദോഷകാരിണിയല്ലെന്ന റിഞ്ഞമുനി അവഠംക്ക്ശാപമോക്ഷം നൽകി.
'അല്ലയോസുന്ദരി,നീഎന്നു് സാമഗായനമുനിയുടെശുക്ലം പാനംചെയ്യുന്നുവോഅന്നു് നിനക്ക് സർവ്വലോകപൂജിത നായ ഒരു പുത്രനുണ്ടാകുകയും നിനക്ക ശാപമോക്ഷം കി ട്ടുകയും ചെയ്യും."

ഇതിന്നുശേഷം സാമഗായനമുനിഉറങ്ങികൊണ്ടിരി ന്ന സന്ദർഭത്തിൽ സുന്ദരിയായ ഒരു യക്ഷി അദ്ദേഹ ത്തെ പ്രാപിച്ച് സംഭോഗസുഖം നേടി.
മുനി ഉണർന്നു് മൂത്രവിസർജ്ജനത്തിനുവേണ്ടി ആശ്രമോ പാന്തത്തിൽ ചെന്നപ്പോഠംമൂത്രത്തോട്ടുകൂടി ശുക്ലംസ്രവി ച്ചു. മുനി യഥാസ്ഥാനത്തുതന്നെ പോരികയും ചെയ്തു. ശാ പഗ്രസ്തയായി നടന്നിരുന്ന ഗുണവതി (പിടിയാന) ഈ ശുക്ലം കുടിച്ചു. അതോട്ടുകൂടിത്തന്നെ അവഠം ഗർഭി ണിയായിത്തീരുകയും ഒരു മകനെ പ്രസവിക്കുകയും ചെ യ്തു. വായിൽകൂടിയാണ് പ്രസവിച്ചതു്. പിടിയാന സന്തു ഷ്ടയായി സ്വപുത്രനെ മഹർഷിയെ ഏല്പിച്ച് ശാപവി മുക്തയായി ആകാശമാർഗ്ഗത്തിൽ കൂടി പോകുകയും ചെയ്തു. മഹർഷിയാകട്ടെ ആ ബാലനെ വിധിയനുസരിച്ച് വള ർത്തി, ജാതകർമ്മാദികഠം ചെയ്തു് ആ കുട്ടിക്ക് ദേവ ന്മാരുടെ ഹിതമനുസരിച്ച് പാലകാപ്യൻ എന്നു നാമക രണം ചെയ്യുകയും ചെയ്തു. ഇങ്ങിനെയാണ് പാലകാപ്യ ൻ എന്നു പ്രസിദ്ധനായ മഹർഷിയുടെ ഉത്ഭവകഥ.

പാലകാപ്യൻ തളിരുകളും വെള്ളവും ഫലമൂലാദികളും ഭക്ഷിച്ച് നീച്ചാലുകളിലും താമരപ്പൊയ്കകളിലും വനഭൂമികളിലും മററും ആനകളോടൊന്നിച്ച് കളിയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. പന്തീരായിരംസംവത്സരങ്ങൾ ഇങ്ങിനെ കടന്നുപോയി. ഇങ്ങിനെ അനവധി സംവത്സരങ്ങൾകൊണ്ട് പാലകാപ്യൻ ഗജങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളേയും സുഖാസുഖങ്ങളേയും അവരുടെ ഭാഷയേയും മനോവിചാരങ്ങളേയും അറിയുകയും ചെയ്തു.

അല്ലയോ രോമപാദമഹാരാജാവേ, ആ പാലകാപ്യൻ എന്നുപേരായ പ്രസിദ്ധനായ മുനി ഞാനാണ്. രാജാവ് ഈ കഥകളെല്ലാം കേട്ട് അത്ഭുതപ്പെട്ടു. വീണ്ടും വീണ്ടും രാജാവ് അറിയുവാൻ ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ച് മുനി ആനകളുടെ ജനനം, ശുഭാശുഭാദികൾ, ചികിത്സാക്രമം എന്നു തുടങ്ങിയ കാര്യങ്ങൾ രാജാവിന്നുപദേശിച്ചു.

ആനകളുടെ സൃഷ്ടി ധർമ്മാത്മികയാണ്. ദേവന്മാരുടേയും മഹാത്മാക്കളുടേയും, ഹിതത്തിന്നുവേണ്ടിയുമാണ് ആനകളെസൃഷ്ടിക്കപ്പെട്ടിട്ടുള്ളതു്. രാജകുമാരന്മാരുടേയും പ്രഭുക്കന്മാരുടേയും പ്രത്യേക ഹിതങ്ങൾക്കുവേണ്ടിയാണ് ഈ സൃഷ്ടിനടത്തിയതെന്നുള്ളതുകൊണ്ട് ആനകളെയഥാക്രമം സംരക്ഷിച്ചുകൊള്ളേണ്ടതാകുന്നു.

മാർത്താണ്ഡൻെറ(സൂര്യദേവൻ) അണ്ഡത്തിൽ നിന്നും ഉത്ഭവിച്ചതും, ബ്രഹ്മർഷിമാർ കണ്ടെത്തിയതുമായ കപാലയുഗളത്തെ രണ്ടു കൈകളിലുംവെച്ചുകൊണ്ട് ബ്രഹ്മാവ്

ഏഴ സാമഗാനങ്ങ**ൾ** പാടിയപ്പോ**ൾ** ഒരു കപാലത്തിൽ നിന്നു് ഐരാവതം എന്നു പ്രസിദ്ധനായ ഗജശ്രേഷ്ഠനു ണ്ടായി. പിന്നീട്ടു് വെവ്വേറെയായി ഏഴ സാമഗാനങ്ങൾ പാടിയപ്പോൾ മററു ഏഴു ഗജങ്ങളുമുണ്ടായി.

പിന്നീട്ടു് ഇടത്തെക്കയ്യിലുള്ളകപാലം കൊണ്ടു് ഈ ഗജങ്ങളുടെ ഭാര്യമാരായി എട്ടു പിടിയാനകളുമുണ്ടായി. അവയിൽ നിന്നും പിന്നീട്ടുത്ഭവിച്ച ആനകളാണു് ഇന്നു്പെററു പെരുകി അടവികളിലും പർവ്വതങ്ങളിലും ഭൂമിയിലുമായി സ്വൈരമായി വിഹരിച്ചുകൊണ്ടിരിക്കുന്നതു്. അമര സിംഹകൃതമായ അമരകോശം പ്രഥമകാണ്ഡത്തിലുള്ള ദിഗ്വർഗ്ഗത്തിൽ ആ ആനകളുടേയും (ഇവയാണു് അഷ്ടദിഗ്ഗജങ്ങൾ) പിടിയാനകളുടേയും പേരുകൾ വിവരിക്കുന്നുണ്ടു്.

ഐരാവത:പുണ്ഡരീകോ
വാമന:കുമുദോഞ്ജന:
പുഷ്പദന്ത:സാർവ്വഭൌമ:
സുപ്രതീകാശ്ചദിഗ്ഗജാ:

സാരം—: ഐരാവതം, പുണ്ഡരീകൻ, വാമനൻ,കുമുദൻ, അഞ്ജനൻ, പുഷ്പദന്തൻ,സാർവ്വഭൌമൻ സുപ്രതീകൻ ഇവയാകുന്നു ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടതെന്നു്മുൻപു സൂചിപ്പിച്ചഎട്ടു ദിഗ്ഗജങ്ങൾ.

കരിണ്യഭ്രമു: കപിലാ
പിംഗലാനുപമാക്രമാൽ
താമ്രകർണ്ണീശുഭ്രദന്തീ
ചാംഗനാചാഞ്ജനാവതീ.

സാരം—: അഭ്രമു, കപിലാ, പിംഗലാ, അനുപമാ; താമ്രകർണ്ണീ, ശുഭ്രദന്തീ, അംഗനാ, അഞ്ജനാവതി ഇവയാകുന്നു അഷ്ടദിഗ്ഗജങ്ങളുടെ ഭാര്യമാർ.

[അഷ്ടദിഗ്ഗജങ്ങൾ പിന്നീട് അഷ്ടദിക്പാലകന്മാരുടെ വാഹനമായിത്തീരുകയുണ്ടായി.]
അഷ്ടദിക്പാലകന്മാർ ഇവരാണ്—:

ഇന്ദ്രോവഹ്നി: പിതൃപതി:
നിരൃതി ർവ്വരുണോമരുൽ
കുബേര ഈശ:പതയ:
പൂർവ്വാദീനാം ദിശാംക്രമാൽ—

സാരം—: ഇന്ദ്രൻ, വഹ്നി, പിതൃപതി, നിരൃതി, വരുണൻ, മരുൽ, കുബേരൻ, ഈശൻ, ഇവരാണ് കിഴക്ക് തുടങ്ങിയ എട്ടുദിക്കുകളുടെ അധിപന്മാർ.

ഇന്ദ്രൻ, വഹ്നി, തുടങ്ങിയ ദിക്പാലകന്മാരുടെ വാഹനങ്ങളായ അഷ്ടദിഗ്ഗജങ്ങൾ ഒരിക്കൽ നടന്ന ദേവാസുരയുദ്ധത്തിൽ വെച്ച് ഭയചകിതരായി ഓടി രക്ഷപ്പെടുകയും ഒടുവിൽ തങ്ങളുടെ സൃഷ്ടികർത്താവായ ബ്രഹ്മാവിനെ അ

ഭയം പ്രാപിക്കുകയും ചെയ്തു. നടന്ന സംഭവങ്ങളെല്ലാം ശ്രദ്ധാപൂർവ്വം കേട്ടതിൻെറശേഷംബ്രഹ്മാവ് ഗജശ്രേഷ്ഠന്മാക്ക് മദം ഉണ്ടാക്കി. മദം നിമിത്തമുണ്ടായ നിർഭയത്വം മൂലം യുദ്ധത്തിനു വന്നെത്തിയ അസുരന്മാരെ മുഴവൻ ജയിച്ചുകീഴടക്കികൊണ്ടു് ദിഗ്ഗജങ്ങൾ ദിക്പാലകരൊന്നിച്ച് താന്താങ്ങളുടെ ദിക്കുകളിലേക്കു് പോയി.

ഈകാലത്താണ് ഒരു ദിവസം ദുർവ്വാസസ്സ് എന്ന മഹർഷി ദേവേന്ദ്രന്നു് ഒരു പൂമാല സമ്മാനമായി നൽകിയതു്. ആമാല ദേവേന്ദ്രൻ തൻെറ ഗജമായ ഐരാവതത്തിൻെറ മസ്തകത്തിൽ വെച്ചു. തേൻനുകരുന്നതിന്നു വേണ്ടി പറന്നു വന്നെത്തുന്നവണ്ടുകളുടെ ശല്യം സഹിക്കവെയ്യാതായപ്പോൾ ഐരാവതം ആമാലതുമ്പികൊണ്ടു് വലിച്ചെറിഞ്ഞു് നിലത്തിട്ടു് ചവിട്ടിയരച്ചുകളഞ്ഞു. ഈവിവരം ദീഘ്ദൃഷ്ടികൊണ്ടറിഞ്ഞമഹർഷിദേവേന്ദ്രനെ ശപിച്ചു. അഷ്ടൈശ്വര്യങ്ങളും നശിച്ചുപോകട്ടെയെന്നായിരുന്നു ശാപം

അഷ്ടൈശ്വര്യങ്ങൾ താഴെ പറയുന്നവയാണ്—:

അണിമാമഹിമാചൈവ
ലഘിമാഗിരിമാതഥാ
ഈശിത്വം ചവശിത്വംച
പ്രാപ്തി: പ്രാകശ്യമേവച

സാരം—: അണിമാ, മഹിമാ, ലഘിമാ, ഗിരിമാ, ഈശിത്വം, വശിത്വം, പ്രാപ്തി:, പ്രാകാശ്യം. എന്നിവയാകുന്നു അണിമാദികളായ അഷ്ടൈശ്വര്യങ്ങൾ.

അപൈഷ്ടശപ്യ്നാശം നിമിത്തം ദേവേന്ദ്രന് ഐരാവതം മുടങ്ങിയ ഐശപ്യങ്ങൾ നഷ്ടീഭൂതമാവുകയും ചെയ്തു. പിന്നീട് ജരാനരകൾ ബാധിക്കുകയും അതുതീക്കുന്നതിനു പാൽക്കടൽകടഞ്ഞത് അമൃതെടുത്തു ഭക്ഷിക്കുന്നതിനുവേണ്ടി ദേവാസുരന്മാർ ഒരുമിച്ച് ക്ഷീരാബ്ധിമഥനത്തിലേർപ്പെട്ട കാലത്ത് മുൻപ് നഷ്ടപ്പെട്ട എല്ലാ ഐശപ്യങ്ങളും തിരിച്ചു കിട്ടുകയുണ്ടായി. ഇതു കൊണ്ടാണ് ക്ഷീരാബ്ധിമഥനംചെയ്ത സമയത്ത് ഐരാവതമുണ്ടായതെന്നുള്ളകഥ പുരാണങ്ങളിൽ സ്ഥാനം പിടിച്ചതു്.

കൃതം, ത്രേതം, ദ്വാപരം, കലി, എന്നിങ്ങനെ നാലു യുഗങ്ങളാണല്ലോ? നാലുയുഗങ്ങളിലുമുണ്ടായ ഗജങ്ങളെ നാലായിതരം തിരിച്ചിട്ടുണ്ടു്. അവ താഴെ ചേക്കുന്നവയാണ്. 1) ഭദ്രജാതി, 2) മന്ദജാതി. 3) മൃഗജാതി, 4) സങ്കീർണ്ണജാതി.

കൃതയുഗത്തിൽലക്ഷണസമ്പന്നരായ ഭദ്രജാതിയിൽപ്പെട്ട ഗജവീരന്മാരുണ്ടായി. ത്രേതായുഗത്തിൽ മന്ദജാതിയിൽ പെട്ട ഗജവീരന്മാരുണ്ടായി. ദ്വാപരയുഗത്തിൽ മൃഗജാതിയിൽ പെട്ട ഗജവീരന്മാരുണ്ടായി. കലിയുഗത്തിലുണ്ടായ ഗജ വീരന്മാരാകട്ടെ സങ്കീർണ്ണജാതിയിൽ പെട്ടവയുമത്രേ.

കൃതായുഗത്തിലുണ്ടായ
ഗജേന്ദ്രൻ ഭദ്രജാതിയാം
ത്രേത്രായുഗത്തിലുണ്ടായ
1) ഗജേന്ദ്രൻ മന്ദജാതിയാം.

ദ്വാപരത്തിങ്കലുണ്ടായ
ഗജേന്ദ്രൻ മൃഗജാതിയാം
സങ്കീർണ്ണ ജാതിയുണ്ടായി
2) കലികാലത്തിലിങ്ങിനെ

കാലഭേദക്രമത്തിന്നു
ജാതിഭേദവുമുണ്ടുപോൽ
ജാതിഭേദങ്ങൾക്കുതുല്യം
3) രൂപഭേദങ്ങളിങ്ങിനെ

ഓതിടുന്നുലക്ഷണങ്ങൾ
യുഗങ്ങൾക്കൊത്തമാതിരി.
നാലായ്തരംതിരിച്ചല്ലോ
4) പൂർവ്വസൂരികളാദ്യമായ്—

ഭദ്രജാതികൾ

അതിസ്ഥൂലമായ ശരീരത്തോടുകൂടിയല്ലാതെ ഇളംചുവപ്പ് നിറത്തോടുകൂടിപർവ്വതപ്രാന്തങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയും, സത്വഗുണവാനായിരിക്കുകയും മേഘനാദം പോലെയുള്ള ശബ്ദഘോഷത്തോടുകൂടിയവനായും പിടിയാനകളാൽ ആഗ്രഹിക്കപ്പെടുന്നവനായും അല്പമൊന്നു

ച്ചുവപ്പുനിറമുള്ള കൊമ്പുകളും കണ്ണുകളുമുള്ളവനായ ഭദ്രജാതിയിൽ പെട്ട ഗജശ്രേഷ്ഠൻ കാലാഗമത്തിൽ ഉത്ഭവിക്കുന്നവനാകുന്നു—

മന്ദജാതികൾ

വനത്തിൽ സഞ്ചരിക്കുകയും, ദുഷ്ടമനസ്സായിരിക്കുകയും, നീളം കുറഞ്ഞ കഴുത്തോടുകൂടിയിരിക്കുകയും ഉയരംകൂടുതലായിരിക്കുകയും, സാവധാനം നടക്കുകയും, ഹരിരുചിനയനനായിരിക്കുകയും, അധികം കറുത്തനിറത്തോടുകൂടിയിരിക്കുകയും, പിത്തപ്രകൃതിയായിരിക്കുകയും തമോഗുണപ്രധാനിയായിരിക്കുകയും തടിച്ചുനീണ്ട കൊമ്പുകളോടുകൂടിയിരിക്കുകയും, സ്ഥൂലവും വൃത്താകൃതിയിലുള്ളതുമായ അംഗങ്ങളോടുകൂടിയിരിക്കുകയും, തോട്ടിയും മററുമമ്മങ്ങളിൽ തൊടുമ്പോൾ വേദനനടിക്കുകയും ചെയ്യുന്നവാരണവീരൻ മന്ദജാതിയിൽപ്പെട്ടവനാകുന്നു. ശീതകാലത്തിലാണ് (ത്രേതായുഗത്തിൽ) ഇവൻെറ ജനനമെന്നുപറയപ്പെടുന്നു—

മൃഗജാതികൾ

നീളം വളരെ കുറഞ്ഞു് ഉയരം അധികമായിചാരനിറത്തിൽ ധാരാളം ഭക്ഷിക്കുകയും, ഉത്താനവേദിയായിരിക്കുകയും, അതിചപലമതിയും അതിക്രോധനുമായിരിക്കുകയും, സിന്ധുതീരങ്ങളിലും ജലപ്രദേശങ്ങളിലും സഞ്ചരിക്കുന്നവനായും, നീളംകുറഞ്ഞവാലുള്ളവനായും, സൂകരപ്രസവത്തോടുകൂടിയിരിക്കുകയും എപ്പോഴും ദ്വേഷ്യം വന്നവനെപ്പോലെയിരിക്കുകയും, ക്രൂരനും പിത്തപ്രധാനിയുമായി

രിക്കുകയും തോട്ടിയും വളരം എവിടെ സ്പശിച്ചാലും അറി യുന്നതിന്നു് കഴിവുള്ളവനായിരിക്കുകയും ചെയ്യുന്നവൻ മൃഗജാതിയിൽ പെട്ടവനാകുന്നു. ഇങ്ങിനെ മൃഗജാതി യിൽപ്പെട്ടവൻെറ ലക്ഷണങ്ങൾ പറയപ്പെട്ടിരിക്കുന്നു.

### സങ്കരജാതികൾ

ഭദ്രജാതിക്കും മന്ദജാതിക്കും പ്രത്യേകമായി പറഞ്ഞിട്ടുള്ള ലക്ഷണങ്ങൾഇടകലർന്നിരിക്കുന്നവൻ സങ്കരവൎഗ്ഗത്തിൽ പെട്ടതാകുന്നുവെന്നു പറയുന്നു.. ഇപ്പോൾ നടക്കുന്ന ക ലിയുഗകാലത്തിൽ ഇത്തരം സങ്കരജാതിയിൽപെട്ട വാ രണങ്ങളായിരിക്കും ധാരാളമായുണ്ടാകുന്നതെന്നറിയുക.

### പേരുകൾ

എല്ലാസ്ഥലങ്ങളിലും നടക്കുവാൻ കഴിവുള്ളതുകൊണ്ടു് ആനക്കു് നാഗമെന്നപേരുണ്ടായി. എല്ലാപ്പോഴും വിജയി ക്കുന്നതുകൊണ്ടും ഗജ്ജിക്കുന്നതുകൊണ്ടുമാണ് ഗജം എ ന്ന നാമമുണ്ടായതു്. സൃഷ്ടി കത്താവായ ബ്രഹ്മദേവ ൻെറ കരത്തിൽ (ഹസ്തം) നിന്നുത്ഭവിച്ചതുകൊണ്ടു് ഹ സ്തി എന്നു പേരുണ്ടായി. ശത്രുക്കളേയും നരന്മാരേയും ത ടുക്കുവാൻ കഴിവുള്ളതുകൊണ്ടു് വാരണം എന്നു് പേരു ണ്ടായി. നടക്കുന്ന അവസരങ്ങളിൽ വഴിയെ മട്ടിക്കുന്നതു കൊണ്ടു് 'മാതംഗം' എന്നുനാമമുണ്ടായി. ഭൂമിയെ ച വിട്ടിഞെരിക്കുന്നതുകൊണ്ടു് കുഞ്ജരം എന്നുപേരുണ്ടായി. പത്മദളാകൃതിയുള്ള പുള്ളികൾ ഉള്ളതുകൊണ്ടു് പത്മീ

എന്നുപേരുണ്ടായി. വായ് തുമ്പിക്കൈ എന്നിവകൊണ്ടു് പാനം ചെയ്യുന്നതിനാലാണ് ദ്വിപമെന്ന പേർ ആനയ്ക്കുണ്ടായതു്.

ശുണ്ഡാ (തുമ്പി) വാൽ, കൊമ്പുകൾ, കാലുകൾ (4) എന്നീഎട്ടു് അവയവങ്ങളെക്കൊണ്ടും പ്രഹരിക്കുവാൻ കഴിവുള്ളതു കൊണ്ടു് ദ്വിപങ്ങൾ (ആനകൾ) അഷ്ട പ്രഹരണങ്ങളാകുന്നു.

എല്ലാ ജന്തുക്കളേക്കാൾ വലിയവനായിരിക്കുന്നതു കൊണ്ടു് അഴകുള്ളവനായിരിക്കുന്നതുകൊണ്ടും മഹർഷിമാർ ആനകൾക്കു ഇഭങ്ങൾ എന്ന പേരും നൽകുകയുണ്ടായി.

ആനകൾക്കു് പ്രശസ്തങ്ങളായ തുമ്പിക്കൈകൾ ഉള്ളതുകൊണ്ടു് കരിഎന്നപേരും സിദ്ധിച്ചു. നീണ്ടകൊമ്പുകളുള്ളതുകൊണ്ടു് ആനക്കു് ദന്തി എന്ന പേരും ലഭിച്ചു. സിന്ധുവിങ്കൽരമിക്കുവാൻ ഇഷ്ടപ്പെടുന്നതുകൊണ്ടു് സിന്ധുരമെന്ന പേർ സിദ്ധിയ്ക്കാനിടയായതു്.

ജിഹ്വയുടെ മദ്ധ്യഭാഗം തടിച്ചിരിക്കുന്നതും ദാഹം വദ്ധിച്ചിരിക്കുന്നതും അഗ്നിഭഗവാൻെറ ശാപം നിമിത്തമാണുണ്ടായതു്.

ബ്രഹ്മാവിൻെറ അനുഗ്രഹം നിമിത്തമാണ് വൃഷണങ്ങൾ അകത്തായിരിക്കുന്നതും വെള്ളം, ചളി പൊടി എന്നിവയിൽ ക്രീഡിക്കുവാൻ ആഗ്രഹമുണ്ടായതും.

ആത്മബലം തനിക്കു് അറിയാൻ കഴിയാതെ വന്ന തു് ദീഘ്ഘതപസ്സ് എന്ന മുനിയുടെ ശാപം നിമിത്തമാ ണ്. ആത്മബലത്തെക്കുറിച്ചുള്ള അജ്ഞതയാലാണ് ഇവ ഇന്നും ആളുകൾക്കു് വാഹനമായിരിക്കുന്നതു്. ദിവ്യത്വം മുഴുവൻ നശിച്ചുപോയതും തൻെറ മലമൂത്രാദികളെ ഘ്രാ ണിച്ചു് ചുണ്ടിനെ പിടിച്ചുവലിക്കയും മററും ചെയ്യുന്ന തു് ഭൃഗുമഹർഷിയിൽ നിന്നും ലഭിച്ച ശാപത്തിൻെറ ഫ ലമായാണു്.

അകത്തു വിയർപ്പുണ്ടായതു് വരുണൻെറ ശാപം നിമിത്തമാകുന്നു.

ഒരിക്കൽ ദേവന്മാർ യാഗം നടത്തുന്ന അവസര ത്തിൽ ഹവിർഭാഗം കൊടുക്കാതിരുന്നതുകൊണ്ടു് ദ്വേഷ്യ പ്പെട്ടു് അഗ്നിഭഗവാൻ അന്തർദ്ധാനം ചെയ്തു. ഈ വിവര മറിഞ്ഞ ബ്രഹ്മാവിൻെറ ആജ്ഞയനുസരിച്ചു് മറഞ്ഞു പോയ അഗ്നിഭഗവാനെ അന്വേഷിക്കാൻ വേണ്ടിദിഗ്ഗജ ങ്ങൾ അഗ്നിയുടെ ആശ്രമത്തിൽ എത്തിച്ചേർന്നു. അവി ടെ എല്ലായിടത്തും തിരഞ്ഞിട്ടും അഗ്നിയെ കാണാതിരു ന്നതുകൊണ്ടു് ദിഗ്ഗജങ്ങൾ അഗ്നിഭഗവാൻെറ സഹധർമ്മി ണിയായ സ്വാഹയെ ബലാൽക്കാരം ചെയ്തു. ഭാര്യ്യയുടെ ദീനരോദനം കേട്ടു് വന്നെത്തിയ അഗ്നിഭഗവാൻ ദിഗ്ഗജ ങ്ങളെ ദഹിപ്പിക്കാൻ കഴിയാതെ വന്നപ്പോൾ അവരെ ശപിക്കാനൊരുങ്ങി.

ബ്രഹ്മാവിൻെറ വാക്കുകേട്ടതുകൊണ്ടാണു് ഞങ്ങൾ

ഇങ്ങിനെ ചെയ്തതെന്നു് ഗർവ്വത്തോടുകൂടി ദിഗ്ഗജങ്ങൾ പറഞ്ഞപ്പോൾ അഗ്നി ഇങ്ങനെ ശപിച്ചു.

'നിങ്ങളുടെ ജാത്തിൽനിന്നു് എപ്പോഴും ഉഷ്ണം ഭവിക്കട്ടെ.'

ഈ ശാപത്തിന്നു വിധേയരായ ദിഗ്ഗജങ്ങളുടെ ഉഷ്ണ ശാന്തിക്കുവേണ്ടിയാണ് പൊടി ചളി വെള്ളം എന്നിവയിൽ കുളിക്കുവാൻ ബ്രഹ്മാവു് ആജ്ഞാപിച്ചതു്.

ഒരുകാലത്തു് തപശ്ചര്യയിലിരിക്കുകയായിരുന്നു ഭൃഗുമഹർഷി. ആസമയത്തു് ഗജങ്ങൾ അവിടെ ചെന്നു ആശ്രമ വൃക്ഷങ്ങളുടെ ശാഖകൾ തകർക്കുകയും, മലമൂത്രാദികൾകൊണ്ടു് ആശ്രമം അശുദ്ധമാക്കുകയും ചെയ്തു. ഇതു കണ്ടു് കോപാവിഷ്ടനായ ഭൃഗുമഹർഷി ഇങ്ങിനെ ശപിച്ചു. നിങ്ങൾ, നിങ്ങളുടെ മലമൂത്രങ്ങൾ ഘ്രാണിച്ചു് തൃപ്തിയടയുക—' ഈ ശാപം ആനകൾക്കു് ഫലിക്കുകയും ചെയ്തു.

ദേവാസുരയുദ്ധം നടന്നുകൊണ്ടിരുന്ന അവസരത്തിൽ ഇവയുടെ വിയർപ്പിൻെറ ദുർഗ്ഗന്ധം സഹിക്കാൻ കഴിയാതെ വരുണൻ ഇവരെ ശപിക്കുകയുണ്ടായി. ആ ശാപം ഇങ്ങിനെയാണു്.

'നിങ്ങളുടെ വിയർപ്പു് ഉള്ളിലായിപ്പോകട്ടെ.' ഈ ശാപത്തിന്നു വിധേയരായതുകൊണ്ടാണു് ആനകൾ ഉള്ളിലുണ്ടാകുന്ന വിയർപ്പു് തുമ്പിക്കൈവഴി പുറത്തേക്കു് വിടു

ന്നതു്. ദേവാസുരയുദ്ധകാലത്തു് വേഗം നടക്കുവാൻ കഴിവുണ്ടാകുന്നതിന്നുവേണ്ടിയാണു് ബ്രഹ്മാവു് 'ഗജങ്ങൾക്കു് വൃഷണങ്ങൾ ഉള്ളിലാക്കിയതു്.

വസന്തഋതുവിലാണു് ആനകൾക്കു് മദം പൊട്ടുന്നതു്. വസന്തകാലത്തു് ജനിക്കുന്ന ഗജങ്ങൾ എല്ലായ്പ്പോഴും മദോന്മത്തരായിരിക്കും. ഇങ്ങിനെ മദം പൊട്ടിയ ഗജങ്ങളുടെ മലമൂത്രാദികളും സ്വേദവും മററും ഘ്രാണിക്കാനിടവരുന്ന ഗജങ്ങൾക്കു മദം വൎദ്ധിക്കും. മദഗന്ധത്തോടുകൂടിയ ഗജങ്ങൾ രാജാക്കന്മാൎക്കു് ജയകരങ്ങളായി ഭവിക്കുന്നതാകുന്നു—

ഇങ്ങിനെ

ഒന്നാം അദ്ധ്യായം കഴിഞ്ഞു.

★

# രണ്ടാം അദ്ധ്യായം

ഉയന്നിരിക്കണം രണ്ടു-
കൊമ്പുകൾ മസ്തകങ്ങളും
പൃഷ്ഠഭാഗ പുറക്കുന്നു-
1) മീവണ്ണംതാനിരിക്കണം

രാജവാഹനയോഗ്യങ്ങ-
ളായദന്തികളിങ്ങിനെ

രണ്ടു കൊമ്പുകളും മസ്തകങ്ങളും, പൃഷ്ഠഭാഗവും, പുറക്കുന്നും ഉയന്നിരിക്കുന്ന ഗജശ്രേഷ്ഠന്മാർ രാജവാഹന യോഗ്യങ്ങളാകുന്നുവെന്നു് മഹർഷിമാർ അരുളിചെയ്യുന്നു.

തുമ്പിക്കൈയ്യിൻെറ തുമ്പത്തു—
2) മകത്തും കവിൾ രണ്ടിലും

ചുവപ്പുണ്ടായിരിക്കേണം
നാക്കിലും ചുണ്ടിലുംതഥാ
ഗുദഭാഗത്തുമീവണ്ണ
3) മിരുന്നാൽശുഭലക്ഷണം

തുമ്പിക്കൈയ്യിൻെറ തുമ്പുകളിലും, അകത്തും, രണ്ടുകവിൾത്തടങ്ങളിലുംനാക്കിലും,ചുണ്ടിലും ഗുദഭാഗത്തും ചുവപ്പുന

രമുണ്ടായിരിക്കുന്ന ദന്തികൾ ശുഭന്മാരാകുന്നു. ഉത്തമവാരണങ്ങളുടെ ലക്ഷണങ്ങളാകുന്നു ഇവ.

നഖമിരുപതുവേണം മസ്തകംപൊങ്ങിടേണം
നിറമധികമനോജ്ഞ സ്നിഗ്ദ്ധമായ്തീർന്നിടേണം
ഉദരമധികമായും,വീർക്കണംനീണ്ടവാലും
കരവുമടിവരേക്കും മുട്ടണം ദന്തികൾക്ക്—

ശുഭന്മാരായ ദന്തിവീരന്മാർക്ക് കൈകാലുകളിൽ ഇരുപതുനഖങ്ങളും,പൊങ്ങിയിരിക്കുന്നമസ്തകവും,വീർത്തിരിക്കുന്ന വയറും നീണ്ടതുമ്പിയും വാലും, ഉയർന്നിരിക്കുന്നവലത്തേ കൊമ്പും ഉണ്ടായിരിക്കണം. എന്നാൽ ശുഭം-

മിനുത്തുകറുത്തിരിക്കുന്ന ശരീരവും, നിവർന്നിരിക്കുന്ന ജഘനസ്ഥലവും, ദൃഢമായിരിക്കുന്ന കുക്ഷിയും, വിസ്താരമേറിയ കലാഭാഗങ്ങളും, ഉള്ള ഗജവീരന്മാർ രാജാക്കന്മാർക്ക് ഉപയോഗത്തിന് യോഗ്യങ്ങളാകുന്നു നീളം കൂടിയ കഴുത്ത്, വട്ടമൊത്തിരിക്കുകയും, മേഘനാദം പോലെയുള്ള ശബ്ദമുണ്ടായിരിക്കുകയും, തേൻതുള്ളിപോലെ നിറമെഴുന്ന മിഴികളുണ്ടായിരിക്കുകയും കൈകൾ കഴുത്ത് എന്നീ അംഗങ്ങളിൽ മൂന്നു ഞൊറികൾ ഉണ്ടായിരിക്കുകയും ചെയ്യുന്നവാരണങ്ങൾ ശുഭലക്ഷണസംയുക്തരാകുന്നുസ്നിഗ്ദ്ധപാടലങ്ങളായ മിഴികളോടും, ചുവന്നിരിക്കുന്നകരാഗ്രത്തോടും മാന്തളിർപോലെ മൃദുലവും മനോഹരവുമായകണയോടും, ഉയർന്ന ശബ്ദത്തോടും കൂടിയിരിക്കുന്നവ നൃപതികൾക്ക് ഉപയോഗയോഗ്യങ്ങളാകുന്നു.

വലത്തേക്കൊമ്പുയർന്നിരിക്കുകയും, മുഖവും തുമ്പിക്കൈയ്യും ശോഭയുള്ളതായിരിക്കുകയും, മാംസളസന്ധികളോടുകൂടിയിരിക്കുകയും, ചെയ്യുന്ന ഗജേന്ദ്രന്മാർ പാർത്ഥിവന്മാർക്കു് വാഹനങ്ങളായിരിക്കുന്നതിന്നു യോഗ്യങ്ങളാകുന്നു.

ചാപംപോലെ നീണ്ടുവളഞ്ഞു ശുദ്ധമായിരിക്കുന്ന വംശപൃഷ്ടങ്ങളും (തണ്ടെല്ലുകൾ) സുന്ദരികളായ സ്ത്രീകളുടെ മുലകൾപോലെയിരിക്കുന്ന മസ്തകങ്ങളും, നീണ്ടുംപരന്നുമിരിക്കുന്ന ചെവികളും, ചുവപ്പുനിറമുള്ളതും അഴകാർന്നതുമായ ചുണ്ടുകളും, ഗുഹ്യഭാഗങ്ങളും, കൊമ്പുകളും, താലുക്കളെമുള്ള ഗജങ്ങൾ ശ്രേഷ്ഠതരങ്ങളാകുന്നുവെന്നറിയുക.

സിന്ദൂരം പോലെ സാന്ദ്രവും മൃദുലവുമായിരിക്കുന്ന അംഗങ്ങളും, കൂർമ്മോന്നതിയോടുകൂടി അർദ്ധചന്ദ്രപ്രഭങ്ങളായ ഇരുപതു നഖങ്ങളും,ഉള്ളവനായും ധീരനായും തലയെടുപ്പോടുകൂടിയതുമായ ഗജം ശ്രേഷ്ഠനാകുന്നുവെന്നു് മനസ്സിലാക്കുക-

മനുഷ്യർ യുദ്ധംചെയ്യുന്നു. തേരുകൾ, കുതിരകൾ എന്നിവ മനുഷ്യരെ വഹിക്കുന്നു. എന്നാൽ ഗജവീരന്മാരാകട്ടേ മനുഷ്യരെ വഹിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു.

ഹംസം, സാരസം, മയൂരം, കോകിലം, വ്യാഘ്രം സിംഹം, വൃഷഭം, എന്നീ ജന്തുക്കളെപ്പോലെ ശബ്ദിക്കുന്നവ ശുഭലക്ഷണ സമന്വിതങ്ങളായിരിക്കുന്നു.

കഴുത, കാകൻ, ജംബുകൻ, വാനരൻ എന്നിവയുടെ ശബ്ദത്തോടുകൂടിയവ അശുഭത്തെ പ്രദാനം ചെയ്യുന്നവയാകുന്നുവെന്നു് പറയപ്പെടുന്നു.

വിശപ്പും ദാഹവുമുള്ള സമയങ്ങളിലും ശോകത്തോടുകൂടിയിരിക്കുന്ന അവസരങ്ങളിലും ശബ്ദിക്കുന്നവ നിന്ദ്യങ്ങളാകുന്നുവെന്നറിയുക.

സൌമ്യഭാവത്തിലും ശോകഭാവത്തിലും സ്വസ്ഥതയിലും ശബ്ദിക്കുന്നവ ശുഭലക്ഷണങ്ങളോടുകൂടിയവയാകുന്നു.

തുമ്പിക്കൈകൊണ്ടു് നിലത്തുതല്ലുന്ന അവസരങ്ങളിൽ മൃദംഗശബ്ദവും, കണ്ണുകളെക്കൊണ്ടു് ദുന്ദുഭിസ്വരവും മുഖംകൊണ്ടു് ഒട്ടേറ രവവും പുറപ്പെടുവിക്കുന്നവ ശുഭത്തെ ചെയ്യുന്നവയാകുന്നു.

മേൽപറഞ്ഞ എല്ലാഗുണങ്ങളും സാമാന്യേന പൂർണ്ണങ്ങളാണെന്നിരിക്കിലും നഖങ്ങൾകൂടുതലായും കുറവായുമിരിയ്ക്കുന്നതു് അശുഭം തന്നെയാണ്.

ഇങ്ങിനെ രണ്ടാംഅദ്ധ്യായം കഴിഞ്ഞു.

# മൂന്നാം അദ്ധ്യായം

കൂടിയും കുറഞ്ഞുമിരിക്കുന്ന നഖങ്ങൾ വാരണങ്ങ ൾക്ക് നിന്ദ്യങ്ങളാകുന്നു. പുറത്തുകാണാൻ കഴിയുന്നവൃഷ ണങ്ങളും നിന്ദ്യങ്ങൾതന്നെ. വിരലുകൾ ചെറിയതായിരി ക്കുകയും, മണ്ഡൂകോദരം പോലെയുള്ള ഉദരത്തോടുകൂടി യിരിക്കുകയും, നീലയും പച്ചയും കലർന്ന നിറത്തോടുകൂ ടിയതാലുക്കളും, അധികം ക്ഷീണിച്ചിരിക്കുന്ന ദേഹപ്രകൃ തിയും, ശുഷ്കമായിരിക്കുന്നതുമ്പിക്കൈയ്യും, ഉള്ളവാരണ ങ്ങൾ ശ്രേഷ്ഠന്മാരല്ല എന്നറിയുക—

നാനാവർണ്ണ സമന്വിതങ്ങളായ കൊമ്പുകളും, വെളു ത്തും തടിച്ചും, ഇരിക്കുന്ന പുള്ളികളും, ചെറിയ കൊമ്പുക ളും, നീളം കുറഞ്ഞവാലുമുള്ള വാരണങ്ങളും ശ്രേഷ്ഠന്മാ രല്ല.

ആനകളുടെ വൃഷണങ്ങൾ പുറത്തുകാണാൻ പാടി ല്ല. അങ്ങിനെ പുറത്തുകാണത്തക്കവണ്ണമുള്ള വൃഷണങ്ങ ളോടുകൂടിയ ഗജങ്ങൾ ഏതൊരുരാജ്യത്തു ണ്ടോഅവിടു ത്തെ ഭൂപതിയെ മിത്രങ്ങളോ സ്വപുത്രന്മാരോകൊലപ്പെ ടുത്തുന്നതാകുന്നു.

വലത്തു ചെവിയില്ലാത്ത ഗജങ്ങൾ ഏതൊരു രാ ജ്യത്തുണ്ടോ അവിടെ ചാതുർവ്വർണ്യത്തിന് നാശമുണ്ടാകും

ഇടത്തേപ്പെവിയില്ലാത്തവയാണെങ്കിൽ അഗ്നിഭയ വും, രാജാവിന്നു രോഗരിഷ്ടങ്ങളും അനുഭവിക്കും.

തോല്, കൊമ്പ്, കവിളുകൾ, നഖങ്ങൾ, എന്നി വടങ്ങളിൽ പൂപ്പ് കാണുന്നുവെങ്കിൽ ആ പൂപ്പ് ചുട്ടുക രിച്ചും, ചുരണ്ടിയും കളയേണ്ടതാകുന്നു.

രാത്രി കാലങ്ങളിൽ കൂടുതൽ പ്രസാദത്തോടുകൂടിയും പകൽവിരണ്ടും, പക്ഷികളോടൊപ്പം ശബ്ദിച്ചും വാൽവീ ശിപ്പാപ്പാന് എപ്പോഴും സ്വാധീനമായിരിക്കുന്നവന് വ്യാളഹസ്തി എന്നു പേർ പറയപ്പെടുന്നു. മററു അവയവ ങ്ങൾക്കെല്ലാം എന്തെന്തു ഗുണങ്ങളുണ്ടെങ്കിലും അവയെ ഉപേക്ഷിക്കേണ്ടതാകുന്നു.

മുലകുടിക്കുന്ന ചെറിയ കുട്ടിയോടു കൂടിയാണെങ്കി ലും, പെണ്ണാനയെ കിട്ടിയാൽ (ഗർഭിണിയായവളായാലും) വാഹനങ്ങൾ, സ്വത്ത്, ഭണ്ഡാരം എന്നിവക്ക് നാശമു ണ്ടാകുന്നതാകുന്നു.

അവയെകൊണ്ടു പോയി കാട്ടിലുപേക്ഷിക്കുകയും, അ തിനെ കിട്ടിയതുകൊണ്ടുണ്ടാകുന്ന ദോഷശമനത്തിന് ദി ഗ്ഗജദേവപൂജ നടത്തേണ്ടതുമാകുന്നു.

ഇങ്ങിനെ മൂന്നാം അദ്ധ്യായം

# നാലാം അദ്ധ്യായം

ആനയ്ക്കെണ്ണമയം വേണം
കൊമ്പും കണ്ണും നഖങ്ങളും
എങ്കിലോതുന്നു മുനിമാർ
1. ദീർഘായുസ്സെന്നിതിൻഫലം....

ഗജവീരന്നു് കൊമ്പു്, കണ്ണ്, നഖങ്ങൾ, എന്നിവയ്ക്കു് എണ്ണമയം ഉണ്ടായിരിക്കേണ്ടതാകുന്നു. ഇതിൻെറ ഫലം ദീർഘായുസ്സായിരിക്കുമെന്നു് മുനിമാർ പറയുന്നു.

ചെവിയും തുമ്പിയും വാലും
ധാരാളം നീണ്ടിരിക്കണം
പുറക്കുന്നിനു മീനീള-
2. മെങ്കിലായുസ്സു ദീർഘമാം

ഗജവീരന്മാക്കു് ചെവികൾ, തുമ്പി, വാൽ എന്നിവ ധാരാളമായി നീണ്ടിരിക്കേണ്ടതാണു്. പുറക്കുന്നിനും ഈ നീളം വേണം. എങ്കിലും ദീർഘായുസ്സാകുന്നു ഇതിൻെറ ഫലം-

കക്ഷത്തിൽ നിന്നു മേല്പോട്ടു്
ലക്ഷണം പൂർണ്ണമാകണം
മസ്തകങ്ങൾക്കു് തുല്യത്വം
3. മത്തേഭത്തിനു് നല്ലതു്

കക്ഷത്തിൽ നിന്നു് മുകറം ഭാഗത്തു് ഗജലക്ഷണം പൂർണ്ണമായിരിക്കേണ്ടതാണു്. രണ്ടു മസ്തകങ്ങളും തുല്യ മായിരിക്കുന്നതു് ആനക്കു് നല്ലതാകുന്നു.

ഉടലും തലയും പിന്നെ
മിഴിയും മുഖവും തഥാ
കഴുത്തും ചെവിയും മാറും
4. കൊമ്പും തുമ്പിയും മിങ്ങിനെ

പത്തും രണ്ടും ക്ഷേത്രസംഖ്യ—
മൊത്ത മുണ്ടായിരിക്കണം

ഉടൽ, തല, കണ്ണുകറം, മുഖം, കഴുത്തു്, ചെവികറം, മാറു്, കൊമ്പുകറം, തുമ്പി, ഇവ പന്ത്രണ്ടു് എണ്ണം ക്ഷേത്രങ്ങറം ആകുന്നു എന്നു പറയപ്പെടുന്നു. ക്ഷേത്രപുഷ്ടിയുള്ള ഗജങ്ങറംശുഭന്മാരുമാകുന്നുവെന്നു് ശാസ്ത്രങ്ങറം ഉൽഘോഷിക്കുന്നു. ക്ഷേത്രങ്ങളിൽ 12 ൽ കുറവുള്ള ഗജവീരന്മാർദോഷഫലത്തെ ചെയ്യുന്നവരാകുന്നു വെന്നറിയുക.

അവസ്ഥകളും വയസ്സിന്നു—
5. മന്തസ്സിന്നു മിണങ്ങണം
ബലവും ശോഭയും വേണം
ധാടിവേണം ഗജത്തിനു്

അവസ്ഥ, വയസ്സ്, അന്തസ്സ്, എന്നിവയും ഒചന്നിരിക്കേണ്ടതാകുന്നു. ബലം, ശോഭ, ധാടി, എന്നിവയും ഉണ്ടായിരിക്കേണ്ടതാകുന്നു.

എത്രയും പൂൎണ്ണമായ്കണ്ടാ–
ലാനകൾക്കംഗലക്ഷണം
അത്രയത്രവയസ്സേറ—
മെന്നോതുന്നു ബൃഹസ്പതി.

അംഗലക്ഷണങ്ങൾ പറയപ്പെട്ടിരിക്കുന്നവ എത്രമാത്രം പൂൎണ്ണമായിക്കാണുന്നുവോ അത്രയത്രവയസ്സേറമെന്നാകുന്നുബൃഹസ്പതിമതം—

ആനകൾക്കടയാളങ്ങൾ
മൂന്നഞ്ചേഴെട്ടുകാൺകിലോ
ആയുസ്സത്രക്കുതാനെന്നു
പാലകാപ്യ മുനേൎമ്മതം–

ആനകൾക്കു് മൂന്നു് അഞ്ചു് ഏഴു് എട്ടു് എന്നിത്രയും അടയാളങ്ങൾ കാണുന്നുവെങ്കിൽ അത്രവയസ്സാണു് ആയുസ്സെന്നാണ് പാലകാപ്യ മുനിയുടെ അഭിപ്രായം

നാല്പതാംമൃഗജാതിക്കു്
മന്ദജാതിക്കൊരെൺപതും
ഭദ്രന്നു നൂററിരുപതെ—
ന്നാനകൾക്കുവയസ്സുകൾ

മൃഗജായിയിൽപെട്ട ഗജത്തിന്നു് നാല്പതു വത്സരമാകുന്നു ആയുസ്സ്. മന്ദജാതിയിൽപെട്ടവക്കാകട്ടെ എൺപതുവത്സരമാകുന്നു ആയുസ്സ്. ഭദ്രജാതിയിൽപെട്ടവ നൂററിരുപതു വയസ്സുവരെ ജീവിച്ചിരിക്കുമെന്നാണു്

നാലാം അദ്ധ്യായം കഴിഞ്ഞു.

# അഞ്ചാം അദ്ധ്യായം

ജ്ഘലന്യമെന്നുപേരല്ലോ
പന്തിരണ്ടുവയസ്സിനും
മുൻപെങ്കിൽ നാലിരുപതോ
ടൊത്താൽ മദ്ധ്യഗജാഖ്യമാം—

ഗജങ്ങൾക്ക് പന്ത്രണ്ടുവത്സരത്തിനു മുൻപ് ജ്ഘല ന്യം എന്നു പേരാകുന്നു. ഇരുപത്തിനാലുവയസ്സിന്നു മുൻ പാണെങ്കിൽ മദ്ധ്യഗജമെന്നാകുന്നു പേരു്.

പത്തുമമ്പതുമാണ്ടിന്നു
മുൻപേമാതംഗവയ്യനാം.
ഉത്തമാഖ്യനതിൻശേഷം—
മത്രേദന്തികളിങ്ങിനെ

അറുപതുവയസ്സിന്നുമുൻപ് പ്രായമുള്ളവാരണത്തിന്ന് മാ തംഗവയ്യൻ എന്നുപേർ പറയുന്നു. അതിന്നുശേഷമുള്ള വാരണവീരന്മാരെ ഉത്തമഗജം എന്നുള്ളപേരിനാൽ അ റിയപ്പെടുന്നു. ആനകൾ ജനിച്ചവർഷത്തിൽ മൃദുലപാട ലമായ ശരീരത്തോടും, ഉറങ്ങുവാൻ ഏതു സമയത്തും താ ല്പര്യത്തോടും കൂടിയിരിക്കും. തുമ്പിക്കൈമെല്ലച്ചുരുട്ടുകയും ചെയ്യും. അവയവങ്ങൾ അവ്യക്തങ്ങളായിരിക്കുകയും, സ്ത ന്യപാന (മുലകുടി) ത്തിന്ന് ആഗ്രഹത്തോടുകൂടിയിരിക്കു

കയും, ചെയ്യും. പ്രഥമവർഷത്തിൽ ഇങ്ങിനെയൊക്കെയൊയിരിക്കും. ഈ സമയം ബാലാവസ്ഥയാകുന്നു.

രണ്ടാമത്തെ വയസ്സിൽ നഖങ്ങൾ അല്പാല്പമായി ചുവന്നിരിക്കുകയും, നാവ്, ചുണ്ട് എന്നിവ കൂടുതൽ ചുവപ്പുനിറമായിരിക്കുകയും, ഇളംപുല്ലുകൾ തിന്നാൻ ഉത്സാഹത്തോടുകൂടിയിരിക്കുകയും, ശരീരം അല്പം ചുവന്നിരിക്കുകയും, വെറുതെ ഓടിക്കളിച്ചുകൊണ്ടിരിക്കുകയും, പ്രസന്നഭാവത്തോടുകൂടിയിരിക്കുകയും, ഇടക്കിടെ മിഴികൾ അടച്ചുനില്ക്കുകയും കാണികൾക്കു് നേത്രാനന്ദമുണ്ടാക്കുന്ന രീതികളിൽ കളിക്കുകയും വലിക്കുകയും ചെയ്യുന്നതാണ്.

ഈ കാലഘട്ടത്തിലുള്ള ഗജകിശോരങ്ങളെ ചുഞ്ചുകം എന്ന പേരിനാൽ അറിയപ്പെടുന്നു.

മൂന്നുവയസ്സു ചെന്ന ഗജത്തിൻെറ ലക്ഷണങ്ങളാണ് താഴെ ചേർക്കുന്നതു്.

നഖങ്ങൾ സ്പഷ്ടങ്ങളായിരിക്കുകയും, തലയുടെ ഉയർന്നുനില്ക്കുന്നഭാഗത്തിൻെറ മദ്ധ്യഭാഗവും ശ്രോത്രങ്ങൾ, ദന്തങ്ങൾ, കണ്ണുകൾ എന്നിവ ശോഭയോടുകൂടിയിരിക്കുകയും ചെവികളിലും മററും രോമങ്ങൾ ഉണ്ടായിത്തുടങ്ങുകയും, പാദങ്ങൾ ഉറപ്പോടുകൂടിയതായിരിക്കുകയും, പുല്ലു തിന്നാൻ മേഞ്ഞുനടക്കുകയും ചെയ്യുന്നു.

ഈ പ്രായത്തിലുള്ള ഗജത്തിന്നു് ഉപസർപ്പകം എന്നാണു് പേർ പറയുന്നതു്.

ആറാം വാരി പുറം ഇവ അല്പമൊന്നു് ചുവന്നിരിക്കുകയും, സ്തന്യപാനം ഉപേക്ഷിക്കുകയും, കണപ്പാട്ടുകൾ തടിക്കുകയും, കവിൾ കറുത്തും തടിച്ചുമിരിക്കുകയും കൊമ്പുകൾ മുളക്കാൻ തുടങ്ങുകയും, തൃണപ്രിയനായിരിക്കുകയും ചെയ്യുന്നതു് മൂന്നാമത്തെ വയസ്സിനു ശേഷം നാലാം വയസ്സുകാലത്താകുന്നു.

ഈ പ്രായത്തിലുള്ള വാരണത്തിനു് ബർബ്ബരമെന്നാകുന്നു പേർ.

വൃക്ഷചർമ്മങ്ങൾ കീറിത്തിന്നുകയും, രോമങ്ങൾക്കു് ഉറപ്പും പ്രകാശവുമുണ്ടാവുകയും, ചളി, വെള്ളം, പാംസു, (പൊടി) എന്നിവയിൽ ക്രീഡിക്കുവാൻ എപ്പോഴും മുതിരുകയും പ്രസാദാത്മകനായിരിക്കുകയും, പാപ്പാൻെറ ഇംഗിതങ്ങൾക്കനുസരിച്ച് പെരുമാറാൻ കഴിയുകയും, ഫലണ്ടാവഗ്രഹദന്തനായിരിക്കുകയും (മണിയുടെ തണ്ടുപോലെ പ്രകാശത്തോടുകൂടിയിരിക്കുകയും) ചെയ്യുന്ന ഗജത്തിനു് അഞ്ചുവയസ്സു പ്രായമായി എന്നു മനസ്സിലാക്കാവുന്നതാകുന്നു.

ഇതിനെ കളഭം എന്ന പേരിൽ ആണു് അറിയപ്പെടുന്നതു്.

കണ്ണയുഗ്മം,മദസ്ഥാനം, എന്നിവകളിലും നയനങ്ങളിലും പോരുണ്ടായിരിക്കുകയും, ശരീരത്തിൻ ചുളിവുകൾ ഞൊറികൾ എന്നിവ ഇല്ലാതിരിക്കുകയും, കണ്ഠപ്രദേശം

തടിച്ചിരിക്കുകയും ചെയ്യുന്ന ദന്തികൾക്ക് നൈകാരിക മെന്നു് പേരാകുന്നു. ആറാമത്തെ വയസ്സിലെ ലക്ഷണമാണു് മുകളിൽ ചേർത്തിരിക്കുന്നതു്.

നഖതലസന്ധികൾ തടിച്ചിരിക്കുകയും, തുമ്പിക്കൈ; ശിരസ്സ്, നഖങ്ങൾ, കൊമ്പുകൾ, കാലുകൾ എന്നിവയിൽ ഞൊറിയുണ്ടായിരിക്കുകയും, കൈകൾ മിനു സമേറിയതായിരിക്കുകയും തുമ്പിക്കൈയ്യിൻെറ അഗ്രഭാഗം മൃദുലമായിരക്കുകയും ചെയ്യുന്നതു് ഏഴാമത്തെ വയസ്സിലാകുന്നു. ഈ പ്രായത്തിന്നു് ശിശു എന്നു പേരാകുന്നു.

കൈകാലുകൾ തല്ലിപ്പൊട്ടി വ്രണിതങ്ങളാവുകയും, പല്ലുകൾ ഇളകിപ്പോയതുനിമിത്തം പതുക്കെ ക്കടിച്ചുതിന്നുകയും, ചവയ്ക്കുകയും, ചപലമായഗതിയോടുകൂടിയിരിക്കുകയും വർഷാകാലങ്ങളിൽ പ്രഹർഷത്തോടുകൂടിയിരക്കുകയും, എട്ടാമത്തെ വയസ്സിലെ ലക്ഷണങ്ങളാകുന്നു. ഈ കാലത്തു് മജ്ജനൻ എന്നു പേരുണ്ടാകുന്നു.

വെളുത്ത നേത്രങ്ങളോടുകൂടിയിരിക്കുകയും, പെണ്ണാനകളുടെ പുറകേ നടക്കാൻ ഉത്സാഹത്തോടുകൂടിയിരിക്കുകയും അമുക്തശുക്ലനായിരിക്കുകയും, മനോഹരമായ ദേഹകാന്തിയോടുകൂടിയിരിക്കുകയും പ്രതതദന്തചയനായിരിക്കുകയും,പൃഥുആയിരിക്കുന്ന ഉരസ്സോടുകൂടിയിരിക്കുകയും, ഘനസുദൃഢപ്രഹാരിയായിരിക്കുകയും, അരുണദന്തത്തോടുകൂടിയിരിക്കുകയും ചെയ്യുന്നതു് ഒൻപതാമത്തെ

വയസ്സിലാകുന്നു. ഈ കാലത്തു് ഗജങ്ങൾക്കു് പ്രഭവൻ എന്നു നാമമാകുന്നു.

ശുക്ലം സംജാതമാവുകയും, കണകൾ കൊമ്പുകൾ എന്നിവ ഉറയ്ക്കുകയും സ്ഥിരാംഗനാതിത്തീരുകയും തേജോബലാദികൾക്കു് വൃദ്ധിഉണ്ടാവുകയും സ്ത്രീസുഖാസക്തി ഉണ്ടാവുകയും, യൂഥപ്രഹർഷിയായിത്തീരുകയും ചെയ്യുന്നതു് പത്താമത്തെവയസ്സിലെ ലക്ഷണമാകുന്നു. ഈ കാലത്തു് ചിക്കി എന്നു പേരുണ്ടാകുന്നുവെന്നു് ആചാര്യന്മാർ പറയുന്നു–

ഉത്സാഹശാലിയായിരിക്കുകയും, സ്ഫുടഗാത്രസന്ധിയുതനായിരിക്കുകയും, സുഭഗനായിരിക്കുകയും, ഉല്ലാദനയോഗ്യമായ അംഗങ്ങളോടുകൂടിയിരിക്കുകയും, ദുഃഖിതഹൃദയനായിത്തീരുകയും, തോളുകൾ, പിൻകഴുത്തു് എന്നിവ മരങ്ങളിൽ ഉരുമ്മുന്നതിന്നു് ഉത്സാഹമുണ്ടായിരിക്കുകയും, ഏററവും കാമത്തോടുകൂടിയിരിക്കുകയും, ഗൂഹാദികളിലും വിജനപ്രദേശങ്ങളിലും നില്ക്കാൻ ഇഷ്ടപ്പെടുകയും ജഘനങ്ങൾ, കൈപ്പത്തികൾ എന്നിവയ്ക്കു് വർത്തുളതചമുണ്ടായിരിക്കുകയും, സ്മരവേഗവിക്രമബലിയായിരിക്കുകയും, ആവശ്യമനുസരിച്ചു് ശക്തി സംഭരിക്കുന്നതിന്നു് കഴിവുണ്ടായിരിക്കുകയും ചെയ്യുന്നതു് രണ്ടാമത്തെ ദശയിലാകുന്നു. ഇരുപതുവയസ്സുള്ള ഈ കാലത്തു് ഗജങ്ങൾക്കു് പ്രോതം എന്നുപേരാകുന്നു.

അതാതു അളവുകൾക്കനുസരിച്ചിരിക്കുന്ന ചെവികളും നാവും ഉണ്ടായിരിക്കുകയും, ജഘനപ്രദേശം വലിയതായിരിക്കുകയും, മദജലസ്രാവത്തോടുകൂടിയിരിക്കുകയും, ദുർധരനായിരിക്കുകയും, സുഗന്ധത്തോടുകൂടിയിരിക്കുകയും, ക്ഷീണാക്ഷനായിരിക്കുകയും, പ്രിയദർശനനായിരിക്കുകയും അക്ഷിവിലാസങ്ങളോടുകൂടിയിരിക്കുകയും, അനന്യാതിശായിയായിരിക്കുന്ന ബുദ്ധിയോടുകൂടിയിരിക്കുകയും,കോപാനനനായിരിക്കുകയും, വധരുചിയായിരിക്കുകയും, ശരീരം ചെങ്കല്ലുപോലെ ചുവന്നിരിക്കുകയും ചെയ്യുന്ന വാരണത്തിന് ജവനൻ എന്നു പേരായിരിക്കും.

ഈലക്ഷണങ്ങളുള്ള ഗജത്തിന് മുപ്പതു വയസ്സ് പ്രായമായിരിക്കും.

സന്ദാനം (കണപ്പാട്) തുടങ്ങിയ സ്ഥലങ്ങളിൽ ചുളിവുകൾ ഉണ്ടാവുകയും(വലികൾ) വീർത്തിരിക്കുകയും, മദത്തോടുകൂടിയിരിക്കുകയും, നിദ്രാഹീനനായിരികയും, പ്രതിദന്തികളോട് വൈരമുണ്ടായിരിക്കുകയും, പുകച്ചിൽ കണ്ടാൽ അഗ്നിഭയമുണ്ടായിരിക്കുകയും, ഉറക്കെ ഗർജ്ജിച്ചുകൊണ്ടിരിക്കുകയും, ഉദ്ധതഗാത്ര രോമനിചയനായിരിക്കുകയും, യുദ്ധപ്രിയനായിരിക്കുകയും ചെയ്യുന്ന വാരണത്തിന് കല്യാണൻ എന്നു പേരാകുന്നു.

ഈ ലക്ഷണങ്ങൾ പൂർണ്ണമായിക്കാണുന്ന ഗജത്തിന് നാല്പതു വയസ്സായിരിക്കും.

സന്ദാനാദിസ്ഥലങ്ങളിൽ ദാനാവിലനായിരിക്കുക യും, വലികളാൽ സൌന്ദൎയ്യം വൎദ്ധിക്കുകയും കണ്ണുകൾ ക്കും കടക്കണ്ണുകൾക്കും സാന്ദ്രതയുണ്ടായിരിക്കുകയും, വീ ക്കുകയും, അകാരണമായി മദത്തോടുകൂടിയിരിക്കുകയും, ശ്ശൂരനായിരിക്കുകയും, അത്യന്തം അഹങ്കാരത്തോടുകൂടി യിരിക്കുകയും, സൎവ്വവും സഹിക്കാനുള്ള ശക്തിയുണ്ടായി രിക്കുകയും, മദാവിലകടനായിരിക്കുകയും ചെയ്യുന്ന വാര ണത്തിന്ന് യൌധമെന്നുപേരാകുന്നു.

മുകളിൽ കാണുന്ന ലക്ഷണങ്ങൾ പൂൎണ്ണമായിരിക്കു ന്ന ഗജത്തിന്ന് അമ്പതുവയസ്സ് പ്രായമായിരിക്കും.

മുകൾഭാഗങ്ങളിൽ വലികൾകുറയുകയും, ഇന്ദ്രിയ ങ്ങൾക്കും ധാതുക്കൾക്കും കുറച്ചിലുണ്ടാവുകയും, പേചകാ ധരകൎണ്ണാഭ്യന്തരങ്ങളിൽ രോമമുണ്ടാകുകയും, കൊമ്പുകളു ടെ അധോഭാഗം അയഞ്ഞിരിക്കുകയും, ചെയ്യുന്ന ഗജ ത്തിന്നു അറുപതുവയസ്സുപ്രായം ചെന്നിരിക്കുന്നതാണ്. അഗ്നിപിത്തങ്ങൾ അല്പമായിരിക്കുകയും, വാതകഫങ്ങൾ വൎദ്ധിക്കുകയും, പരുഷഛവിയായിരിക്കുകയും, അല്പമായി രിക്കുന്ന അംഗചേഷ്ടകളോടുകൂടിയിരിക്കുകയും വിവൎണ്ണ നായിത്തീരുകയും ചെയ്യുന്ന ഗജത്തിന്ന് അതിവൎണ്ണം എ ന്നു നാമകരണംചെയ്യപ്പെട്ടിരിക്കുന്നു.

മുകളിൽ കാണിച്ചിരിക്കുന്ന ലക്ഷണങ്ങളുടെ പൂൎണ്ണ തയിൽ ഗജത്തിന്ന് എഴുപതുവയസ്സ് പ്രായമായിരിക്കും.

സദാസമയത്തും കണ്ണനീർവാൎത്തുകൊണ്ടിരിക്കുകയും, മസ്തകപ്രദേശത്തു് കഫം സ്രവിച്ചുകൊണ്ടിരിക്കുകയും, യൂഥത്തിന്റെ പിന്നാലെ ഗമിച്ചുകൊണ്ടിരിക്കുകയും, വൎണ്ണരഹിതനായിരിക്കുകയും, നിൎവ്വീൎയ്യനായിരിക്കുകയും, പിനദ്ധനയനനായിരിക്കുകയും രോമാവലികൾ കൊഴിഞ്ഞുകൊണ്ടിരിക്കുകയും, പ്രരോഹിതവ്രണനായിരിക്കുകയും ചെയ്യുന്നതു് എഴുപതാമത്തെ വയസ്സിലാകുന്നു. സ്രസ്തമായിരിക്കുന്ന ഗ്രീവകളോടുകൂടിയിരിക്കുകയും, ചലിക്കുന്ന ദന്തങ്ങളോടുകൂടിയിരിക്കുകയും, സൎവ്വാംഗചേഷ്ടകൾ മന്ദീഭവിക്കുകയും, മൃദുവായും പതുക്കെയും ചവച്ചുകൊണ്ടിരിക്കുകയും, മദമില്ലാതിരിക്കുകയും, ശത്രുക്കൾ ഇല്ലാതിരിക്കുകയും, നടന്ന അവസരങ്ങളിൽ ശരീരത്തിലെ തൊക്കു് ചുക്കിച്ചുളിയുകയും, യൂഥത്തിന്റെ പിന്നാലെ പോവുകയും, പതുക്കെ നടക്കുന്നതുകൊണ്ടു് കൂട്ടത്തിൽനിന്നു് വേർപെടുകയും വിശ്ലിഷ്ടാംഗനായിരിക്കുകയും, തരുക്കളിൽ ചാരിനിന്നു് ഉറങ്ങുകയും, ചെയ്യുന്ന ഗജത്തിനു് പുരാണം എന്നു പേരാകുന്നു.

ഈ ലക്ഷണങ്ങൾ പൂൎണ്ണമായിത്തീരുന്നതു് തൊണ്ണൂറാമത്തെ വയസ്സിലാകുന്നു.

'ഓം നമോഭഗവതേ ഗണപതയേ
ശൂൎപ്പകൎണ്ണായ സ്വാഹാ....'

മുകളിൽകാണിച്ചിരിക്കുന്നമന്ത്രം പതിനായിരം തവണ ഉരുക്കഴിച്ചു് ആനപ്പുറത്തുകയറിയശേഷം കാല്യകാണിക്കുന്നതായാൽ ആന വശപ്പെടുന്നതാകുന്നു.

'ഓം....മദമദസദാ....

ഹ്രം ഫട്ട്സ്വാഹാ....'

മുകളിൽ കാണിച്ചിരിക്കുന്ന മന്ത്രത്തെ ഗജാസ്ഥിയിൽ പത്തിരായിരം സംഖ്യ ഉരുക്കഴിച്ച് ശേഷം കെട്ടുകുററിക്കു കീഴെ ആ അസ്ഥി സ്ഥാപിക്കുന്നതായാൽ ഗജത്തിനു മദമുണ്ടാകുന്നതാണു്.

വാൽ, തുമ്പി, ചെവികൾ എന്നിവ ആവശ്യമനുസരിച്ച് ചലിപ്പിക്കുവാനുള്ള ആരോഗ്യമില്ലാതിരിക്കുകയും, ശീർണ്ണാംഗരോമനായിരിക്കുകയും, ദന്തങ്ങൾക്ക് ഇളക്കമുണ്ടാവുകയും, മാംസബലങ്ങൾക്ക് ക്ഷയമുണ്ടാവുകയും, നടക്കുന്ന അവസരങ്ങളിൽ കാലിടറി വീഴുവാൻ തുടങ്ങുകയും, അല്പഭുക്കായിത്തീരുകയും, രൂക്ഷാംഗനായിത്തീരുകയും, പരുഷമായ ശരീരത്തോടുകൂടിയവനായിത്തീരുകയും, ഞരമ്പുകൾ വാരിയെല്ലുകൾ എന്നിവ ഉയർന്നു നില്ക്കുകയും, നഖാന്തങ്ങൾ പഴുത്തുവ്രണപ്പെടുകയും, മൂത്രകൃഛ്റം മുതലായ്യ രോഗങ്ങളാൽ പീഡിതനായിരിക്കുകയും, വൃദ്ധനായിത്തീരുകയും ചെയ്യുന്നതു് ന്യാമത്തെ വയസ്സിലെ ലക്ഷണങ്ങളാകുന്നു.

വൃക്ഷങ്ങളിൽ ചാരിനില്ക്കുകയും, വെറുതെ വെള്ളത്തിൽ കിടക്കുകയും, കഫം എല്ലാദ്വാരങ്ങളിലും വർദ്ധിക്കുകയും, ഭക്ഷണപദാർത്ഥങ്ങൾ കടിച്ചു ചവച്ചു തിന്നുവാൻ കഴിയാതിരിക്കുകയും, കൊമ്പുകൾ ഊന്നുവീഴുകയും, സ്ഥിരഗാ

ത്തു രോഗിയായിത്തീരുകയും, ചെയ്യുന്നതു് നൂററി ഇരുപതാമത്തെ വയസ്സിലാകുന്നു.

മാത്രമല്ല ഈ കാലങ്ങളിൽ കരകർണ്ണവാലങ്ങളുടെ (തുമ്പി, ചെവി, വാൽ) പ്രവർത്തനശക്തി നശിക്കുകയും പ്രസ്തബ്ധഗാത്രനായിത്തീരുകയും, പതിതനായിത്തീരുകയും ചെയ്യുന്നതാകുന്നു.

ഗജങ്ങളുടെ നൂററിരുപതുവയസ്സുകളിലെ അവസ്ഥകളും, ഛാദശദശകളും ഇങ്ങിനെപറയപ്പെട്ടിരിക്കുന്നുവെന്നറിയുക.

ഇങ്ങിനെ

അഞ്ചാമത്തെ അദ്ധ്യായം കഴിഞ്ഞു

★

# ആറാം അദ്ധ്യായം

## മാന രീതികൾ

അളവുകളുടെ വിശേഷണങ്ങളെക്കുറിച്ചാണ് ഇനി വിവരിക്കുന്നതു്.

നീളം അളക്കേണ്ടതു് താഴെ കാണിക്കുന്ന വിധത്തിലാണു്. 'നേത്രാദാപേചകം ദൈർഘ്യം' എന്നാകുന്നു ശാസ്ത്രം. നേത്രം മുതൽ പേചകംവരെയുള്ള സ്ഥാനത്തെ അളന്നതു് ദൈർഘ്യമാകുന്നു.

ആനകളുടെഉയരം കണക്കാക്കേണ്ടതു് നഖം മുതൽ സ്കന്ധം വരെയാകുന്നു.

കക്ഷസ്ഥാനങ്ങളിൽ നിന്നാണ് വണ്ണം അളക്കേണ്ടതു്. എന്നാണ് ശാസ്ത്രവിധി.

അളക്കുന്നതിനെക്കുറിച്ച് പലരും പല അഭിപ്രായങ്ങളുംപറയുന്നുണ്ടെങ്കിലുംസർവ്വസമ്മതമായശാസ്ത്രവിധിയാണ് മുകളിൽകാണിച്ചിരിക്കുന്നതു്. ശാസ്ത്രപ്രകാരം പ്രവർ

*6

ത്തീക്കുന്നവർക്കു് ഇതു തന്നെയാണു് മാന ദണ്ഡവും. മാന ക്രമങ്ങളെ മേൽ പറഞ്ഞ രീതിയിൽ വിവരിച്ചിരിക്കുന്നു എന്നറിയുക.

പ്രസവാനന്തരകാലത്തിലുള്ള ദൈർഘ്യം മൃഗജാതി കൾ താഴെ വിവരിക്കുന്നതാണു്.

സാർദ്ധൈക ഹസ്തമാകുന്നു ദീർഘം. അതായതു് സാർദ്ധമായിരിക്കുന്ന ഏക ഹസ്തം. (ഒന്നരക്കൈ.) ഉത്സേധം (ഉയരം) ഏകഹസ്തമാകുന്നു. അതായതു് ഒരു കൈ വണ്ണമാകട്ടെ രണ്ടു കൈയ്യുമാകുന്നു. (അതായതു് ദ്വിഹസ്തം) പിന്നീടുള്ള ഓരോ വർഷങ്ങളിലും താഴെക്കാണുന്ന രീതിയിലാകുന്നു വളർച്ച.

ഒന്നാം വർഷത്തിൽ എല്ലാ ഭാഗങ്ങളിലുമുള്ള അളവുകളിലും അഞ്ചു് അംഗുലം (പഞ്ചാംഗുലം) വർദ്ധിക്കുന്നു. ക്രമേണ ദശവർഷങ്ങൾ വരെ അയ്യഞ്ചു് അംഗുലം (വിരൽ) വീതം വർദ്ധിച്ചുകൊണ്ടിരിക്കും.

ഈ വർദ്ധനാക്കണക്കുകളിൽ ചിലപ്പോൾ അല്പാല്പമായ വ്യത്യാസങ്ങൾ കണ്ടെന്നുവരാം. അവ കണക്കിലെടുക്കേണ്ടതില്ലെന്നു് മനസ്സിലാക്കുക.

ചിലപ്പോൾ അരയോ ഒന്നോ അംഗുലം കൂടിയാലും കുറഞ്ഞാലും സാരമില്ല. ഏകദേശവും ശാസ്ത്രാംഗീകൃതവും

മായ അഭിപ്രായം കാണിച്ചിരിക്കുന്നു എന്നുമാത്രം.

എന്നാൽ മററ ചില വ്യത്യാസങ്ങളുള്ളതുകൂടി ഉദ്ധരിക്കുന്നു. ചിലപ്പോൾ മൃഗജാതികൾക്ക് ഉയരം അഞ്ചും, നീളം ഏഴും വിരൽ വീതം ഉണ്ടാകും. കനമാകട്ടെ അഷ്ടവിതസ്തിയായെന്നുമിരിക്കും.

(അതായതു്, 8 പിടി മുളം)

മന്ദജാതിക്ക് ഇതിൻെറ ഇരട്ടിയാകുന്നു.

അതിൻെറ ഇരട്ടിയേക്കാൾ മൂന്നുവിരൽവീതം ഭദ്രജാതിയിൽപെട്ട വാരണങ്ങൾക്ക് കൂടുതലുണ്ടാകും.

വശകൾക്ക് (പിടിയാനകൾ) ഷൾ പഞ്ചചതുരഷ്ററയം. (ഉയരം ആറ്, അഞ്ചു്,) നാലു്,. ഏഴ് എട്ടു് ഒമ്പതു് എന്നീ ക്രമത്തിൽ വണ്ണവും, നിഷിദ്ധങ്ങളാകുന്നുവെന്നു് ശാസ്ത്രങ്ങൾ ഉൽഘോഷിക്കുന്നു.

ഉയരം ആറ് മുളവും, നീളം എട്ടും, (എട്ടേകാലും) ഒൻപതിൽ കൂടാതെവണ്ണവുമുള്ള പിടിയാനകൾഉത്തമകളാകുന്നു.

ഉയരം = 5 മുളം<br>
ദൈഘ്യം = 7 മുളം<br>
വണ്ണം = 8 മുളം

} ഈ കാണിച്ചിരിക്കുന്നഅളവിൽഉൾപ്പെടുന്നവ മദ്ധ്യമങ്ങളാകുന്നു.

ഉയരം = 4 മുളം
ദൈഘ്യം = 6 മുളം
വണ്ണം = 7 മുളം
ഈ കാണിച്ചിരിക്കുന്ന അളവിൽ ഉൾപ്പെടുന്നവ അധമാഖ്യകളാകുന്നു.

(ശ്ലോകം)

ഏറെത്തടിച്ച മെല്ലിച്ച-
മാംഗഹീനങ്ങളാകിലോ
ലക്ഷണങ്ങളിയന്നാലും
1 ഹസ്തികൾ മദ്ധ്യമങ്ങളാം

ഇവയ്ക്കളവുനോക്കേണ്ട
തില്ലെന്നാം ബുധസമ്മതം.
അതുകൊണ്ടിവ വജ്ജിക്കാം
2) പാലകാപ്യ മതം തഥാ

അധികമായി തടിച്ചിരിക്കുകയും, അധികമായി എല്ലിച്ചിരിക്കുകയും, ചെയ്യുന്ന ഗജങ്ങൾ മററമാന ലക്ഷണങ്ങൾ പൂണ്ണങ്ങളാണെങ്കിൽ തന്നെ മദ്ധ്യമങ്ങളായി ഭവിക്കുന്നുവെന്നു് ബുധന്മാർ സമ്മതിക്കുന്നു.

ഇവയെ അളവുകളൊന്നും നോക്കാതെത്തന്നെ വജ്ജിക്കേണ്ടതാണെന്നാണു് പാലകാപ്യൻെറ അഭിപ്രായം—

സർവ്വാംഗസമനായീടും
നല്ലവാരണവീരന്ന്
സൂക്ഷ്മമായ് താനിരുന്നീടും
1) മാന മൂഛർ്റയമാദിയായ്

നാല്പത്തൊന്നാം വയസ്സിങ്ക-
ലായമോന്നതലക്ഷണം
പൂർണ്ണമായിക്കണ്ടിടുന്നു
2) മന്തികരാംക്കവിശേഷമായ്

സർവ്വാംഗസമനായ വാരണവീരന്ന് ഉഛർ്റയാദികളായ അളവുകൾ സൂക്ഷ്മമായും ശരിയാകുന്നതുമാണ്. നാല്പത്തൊന്നാമത്തെ വത്സരത്തിൽ ആയാമോന്നതാദി ലക്ഷണങ്ങൾ പൂർണ്ണമായിക്കാണാം എന്നു ശാസ്ത്രഗ്രന്ഥങ്ങൾ ഉൽഘോഷിക്കുന്നു.

പിണ്ഡങ്ങൾ എന്നാൽ മസ്തകങ്ങളെന്നാകുന്നു അർത്ഥം. മസ്തകമദ്ധ്യപ്രദേശത്തിന്ന് വിദു എന്നു പേരാകുന്നു. അതിന്നു കീഴിലുള്ള പ്രദേശത്തിന്ന് അവഗ്രഹമെന്നാണ് പേർ. രണ്ടു മസ്തകങ്ങളുടേയും താഴെയുള്ള ഭാഗത്തിന്ന് വാഹിത്ഥം എന്നു പേരാകുന്നു.

വാഹിത്ഥം എന്നു പറഞ്ഞ സ്ഥലത്തിന്നു താഴെയുള്ള ഭാഗത്തിന്ന് പ്രതിമാനം എന്നാകുന്നു പേർ. പ്രതിമാനത്തിൻെറ മദ്ധ്യഭാഗത്തിന്ന് വായുകുംഭം എന്നുപേർ

പറയുന്നു. മസ്തകപ്രദേശത്തിൻെറ ഇടത്തു വലത്തു ഭാഗത്തിനും താഴെയുള്ള സ്ഥലം വിലാഗം എന്ന പേരിൽ അറിയപ്പെടുന്നു.

പുഷ്ക്കരോ [തുമ്പിയുടെ അററം] പരിഭാഗത്തിന്നു് ഗണ്ഡൂഷമെന്നാകുന്നു പേർ.

അക്ഷികൂടകങ്ങൾക്കു് (തടങ്ങൾ) ഈഷികമെന്നു പേർ പറയുന്നു.

അപാംഗപ്രദേശത്തിന്നു് നിര്യാണമെന്നാകുന്നു പേർ. ചൂളികയെന്നതു് കണ്ണമൂലത്തിൻെറ പേരാകുന്നു.

കണ്ണപാളികൾക്കു് വിഷ്ച്ഛുഷാ എന്നും, അലസാന്തരങ്ങൾക്കു് പ്രോസമെന്നും പേർ പറയുന്നു. ഹസ്തോപരിഭാഗങ്ങൾക്കാകട്ടെ അവസ്ഥാരമെന്നും, അതിൻെറ മുകൾ ഭാഗത്തിന്നു് വലിപ്രദേശമെന്നും പേരുകൾ പറയുന്നു. മുകളിൽ കാണിച്ച പേരുകൾ ഓരോന്നും അതാതു ഭഗങ്ങൾക്ക മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

ദേഹമദ്ധ്യത്തിന്നു് നിഗളമെന്നും അതിന്നു മുകൾ ഭാഗത്തിന്നു് ചിക്കയെന്നും പേരുകളാകുന്നു. ചിക്കയോടു് കൂടിയതായതുകൊണ്ടാണു് വാരണത്തിനു് ചിക്കി എന്ന നാമം സിദ്ധിച്ചതെന്നും കാണുന്നു.

ജഘനോൽഭാഗത്തിന്നു് സന്ദാനമെന്നുപറയുന്നു. ജഘനാധോഭാഗത്തിനു് കലാഭാഗമെന്നാണു് പേർ പറയുന്നതു്.

പക്ഷാധോഭാഗത്തിന്ന് അപരമെന്ന് പേർ പറയു ന്നു. പക്ഷപൃഷ്ടങ്ങളുടെ അധോഭാഗത്തിന്ന് നിഷ്ക്കോശമെ ന്ന് പേർ പറയുന്നു.

വയറിന്ന് കുക്ഷി എന്നും, വയറിൻെറ രണ്ടു ഭാഗ ങ്ങൾക്കും ഉൽക്കൃഷ്ടമെന്നും പേരുകൾ പറയപ്പെട്ടിരി ക്കുന്നു.

പുഛമൂലസമീപ സ്ഥലത്തിന്ന് പേചകമെന്ന് പേർ പറയുന്നു. ഗളത്തിൻെറ അധോഭാഗവും ഉരസ്സി ൻെറ അന്തവും ചേൎന്ന സ്ഥലത്തിന്ന് മണി എന്നു പേർ പറയുന്നു. ഗ്രീവാസന്ധിക്കു് സമാശ്രിതമെന്നുപേർ.

ഇങ്ങിനെ ആറാം അദ്ധ്യായം കഴിഞ്ഞു.

★

# ഏഴാം അദ്ധ്യായം

ഗജങ്ങളുടെ മൂല്യങ്ങളറിയുന്നതിന്നു് അശക്തരാണു് മനുഷ്യർ. എന്നാൽ ഈ വിഷയത്തിൽ ഏകദേശ പരിജ്ഞാനമുള്ള മററു ജനങ്ങളുമായി വാങ്ങുന്നവനും കൊടുക്കുന്നവനും സമ്പക്കം പുലത്തേണ്ടതാകുന്നു. അങ്ങിനെ ചെയ്യുന്നതാണു് ഈ വിഷയത്തിൽ ഉത്തമമായ മാർഗ്ഗം. വാങ്ങുന്ന ആളും വില്ക്കുന്ന ആളും പരസ്പരം അവിശ്വാസത്തോടും അഭിപ്രായ വ്യത്യാസത്തോടുംകൂടി ചെയ്യുന്ന കാര്യങ്ങൾ മദ്ധ്യമങ്ങളാകുന്നുവെന്നാണു് അഭിജ്ഞന്മാരുടെ അഭിപ്രായം. ആയതിനാൽ രണ്ടു പേരും ഏകകണ്ഠമായ ഒരഭിപ്രായം രൂപീകരിക്കുന്നതിൽ അശ്രദ്ധ കാണിക്കരുതെന്നുംശാസ്ത്രോക്തികളിൽനിന്നും നമുക്കു മനസ്സിലാക്കാം.

ബഹുമതങ്ങളോടു് വിപരീതങ്ങളായ അഭിപ്രായങ്ങൾ അധമങ്ങളാകുന്നു. കൊടുക്കുന്നവനും വാങ്ങുന്നവനും കച്ചവടകാര്യത്തിലേപ്പെടുന്ന മദ്ധ്യസ്ഥന്മാരും തീരുമാനിക്കുന്നതനുസരിച്ചു് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതാകുന്നു ഉത്തമമായ മാർഗ്ഗമെന്നും ചൂണ്ടിക്കാണിക്കാൻ ആ

ഗ്രഹിക്കുന്നു. സകലവിധ ഗുണങ്ങളോടും കൂടിയിരിക്കുന്ന ഗജവീരന്നു് പൂൎണ്ണമായ വില നൽകുന്നതിൽ മടികാണിക്കേണ്ടതില്ല.

ഒററക്കണ്ണൻ ചെവിപ്പൊട്ട-
നൊററക്കൊമ്പനുമീവിധം
ചട്ടകാലനിവററയ്ക്കു
വിലപാതികുറച്ചിടാം.

ഒററക്കണ്ണൻ, ചെവിപ്പൊട്ടൻ, ഒററക്കൊമ്പൻ, ചട്ടകാലൽ എന്നിവക്കു് സാധാരണ നിശ്ചയിക്കുന്ന മൂല്യത്തിൽനിന്നും പാതിയേ നൽകേണ്ടതുള്ളു.

ചെവിപാതിമുറിഞ്ഞോനും
രോഗിയ്ക്കുഞ്ഞേകദന്തനും,
തുമ്പിക്കയ്യുമുറിഞ്ഞോനും
മൂന്നൊന്നുവിലനൽകിടാം.

ഇക്കാൎയ്യത്തിൽ മറെറല്ലാ ലക്ഷണങ്ങളുമുണ്ടായിരുന്നാലും ശരി, ചെവി പകുതി മുറിഞ്ഞുപോയവനും രോഗബാധിതനായവനും, ഏകദന്തമുള്ളവനും, തുമ്പിക്കയ്യുമുറിഞ്ഞിരിക്കുന്നവനും മൂന്നിലൊന്നു വില നൽകിയാൽ മതിയാകുന്നതാണു്.

ഇടത്തേക്കൊമ്പുയൎന്നീടി-
ലെട്ടിലൊന്നുകുറയ്ക്കണം.
പിടിയാനക്കു കൊമ്പൻെറ
മൂന്നൊന്നു വിലയേകിടാം.

ഇടതു വശത്തെക്കൊമ്പു് ഉയൎന്നിരിക്കുന്ന ഗജത്തിനു് നിശ്ചയിച്ച ശരിയായ വിലയിൽനിന്നു് എട്ടിൽ ഒരു ഭാഗം കുറക്കേണ്ടതാകുന്നു.

കൊമ്പനാനക്കു നൽകുന്ന വിലയിൽ മൂന്നിലൊന്നാകുന്നു പിടിയാനയുടെ മൂല്യമെന്നു മനസ്സിലാക്കേണ്ടതാകുന്നു.

സാധാരണ രീതിയിൽ ശാസ്ത്രോക്തികളെ അവലംബിച്ചാണ് മേൽകാണിച്ച മൂല്യ വിശേഷങ്ങളെക്കുറിച്ചു് എഴുതിയിരിക്കുന്നതു്. ലക്ഷണങ്ങളും യുക്തിയുമനുസരിച്ചു് മേൽകാണിച്ചതിൽ അല്പാല്പമായ വ്യത്യാസങ്ങൾ വരുത്താവുന്നതാണു്.

ഏഴാം അദ്ധ്യായം കഴിഞ്ഞു.

★

DHARMARAM COLLEGE LIBRARY, BANGALORE. 20170

# എട്ടാം അദ്ധ്യായം

എട്ടാമത്തെ അദ്ധ്യായമാണ് ഇനി ആരംഭിക്കുന്നതു്. ഗജങ്ങൾക്കു് സത്വഗുണങ്ങൾ പ്രധാനമായി ചിന്തിക്കേണ്ട കാൎയ്യമാകുന്നു. അവയാണ് താഴെ ലളിതമായ രീതിയിൽ വിവരിക്കുന്നതു്.

സത്വമെട്ടാണാനകൾക്കു്
സത്വലക്ഷണമോരണം
ദേവാസുരാഖ്യഗന്ധൎവ്വ
യക്ഷരാക്ഷസമൎത്ത്യരും

പിന്നെപ്പിശാചനാഗങ്ങൾ
സത്വമെട്ടാണിതേവിധ-
പറയാം യുക്തിയോടൊപ്പി-
ച്ചതാതിന്റെ ഗുണാഗുണം.

സത്വങ്ങൾ എട്ടാകുന്നു. അവ താഴെ വിവരിക്കുന്നവയാണ്. ഈ കാണിക്കുന്ന സത്വലക്ഷണങ്ങളും നോക്കേണ്ടതാകുന്നു. ദേവസത്വം, അസുരസത്വം, ഗന്ധൎവ്വൻ, യക്ഷൻ, രാക്ഷസൻ, മൎത്ത്യൻ, പിശാച്, നാഗം, ഇങ്ങിനെയാകുന്നു അഷ്ടസത്വങ്ങൾ. അതാതുകളുടെ ലക്ഷണങ്ങൾക്കനുസരിച്ച് സത്വലക്ഷണങ്ങൾ അറിഞ്ഞിരിക്കേണ്ടതാകുന്നു.

## ദേവസത്വലക്ഷണങ്ങൾ.

താഴെ വിവരിക്കുന്നതു് ദേവസത്വലക്ഷണങ്ങളാകുന്നു. കാന്തിമാനായിരിക്കുകയും, കുമുദം (ആമ്പൽ) ചന്ദനം, സപ്തപർണ്ണം (ഏഴിലാമ്പാല) നാരംഗം, (നാരകം) പത്മം(താമര) ഇവയുടെ ഗന്ധമുണ്ടായിരിക്കുകയും, പ്രഫുല്ലാനനനായിരിക്കുകയും, കളഭങ്ങളിൽ കൌതുകമുണ്ടായിരിക്കുകയും, അന്യോന്യപുഷ്ടനിനദനായിരിക്കുകയും ചെയ്യുന്ന വാരണം ദേവസത്വത്തിൽ പെട്ടവനാകുന്നു. ഈ കാണിച്ചവ ഉത്തമ ഗജലക്ഷണങ്ങളാകുന്നുവെന്നറിയുക. ഇത്തരം ഗജങ്ങൾ ഐശ്വര്യകരങ്ങളും, ക്ഷേമകരങ്ങളുമാകുന്നു.

ശാസ്ത്രോക്തരീതികളനുസരിച്ചു് വളരെയധികം പരീക്ഷണങ്ങൾക്കു വിധേയനായിക്കൊണ്ടാണു് മഹാമുനി ഈ ലക്ഷണങ്ങൾ സൂചിപ്പിച്ചിരിക്കുന്നതു്.

## അസുരസത്വലക്ഷണങ്ങൾ.

അസുരസത്വലക്ഷണങ്ങൾ താഴെ പറയുന്നവയാകുന്നു. നിദ്ദ്യോദ്യതനായിരിക്കുകയും, യുദ്ധരതനായിരിക്കുകയും, ക്ഷുദ്രമായ സ്വഭാവത്തോടുകൂടിയിരിക്കുകയും, കോപശീലനായിരിക്കുകയും, അനുസരണമുള്ളവരോടുപോലും ദയാശീലമില്ലാതിരിക്കുകയും, കരിനൊച്ചി, മത്സ്യം, ഇവയുടെ ഗന്ധത്തോടുകൂടിയിരിക്കുകയും, ഹന്താവായി(കൊലയാന)രിക്കുകയും ചെയ്യുന്നവൻ അസുരസത്വത്തിൽ പെട്ടവനാകുന്നു.

## ഗന്ധൎവ്വസത്വലക്ഷണങ്ങൾ.

ഇനി ഗന്ധൎവ്വസത്വലക്ഷണങ്ങളാണ് പറയുന്നതു്. താമരപ്പൂ, പുന്നാഗം, രക്തചന്ദനം, ഇവയുടെ ഗന്ധത്തോടുകൂടിയിരിക്കുകയും, നാഗപ്രിയനായിരിക്കുകയും, ശുഭമായ ഗതിയോടുകൂടിയവനായിരിക്കുകയും, ശുഭ (വെളുത്തതു്) ദന്തനേത്രനായിരിക്കുകയും, ചെയ്യുന്ന കുംഭീന്ദ്രൻ ഗന്ധൎവ്വസ്ത്വത്തിൽ പെട്ടവനാണെന്നു് പറയപ്പെടുന്നു.

ഈ സത്വലക്ഷണങ്ങളുള്ളവൻ ശുഭദനാകുന്നുവെന്നുമറിയുക—

## യക്ഷസത്വലക്ഷണങ്ങൾ.

ഇനി യക്ഷസത്വലക്ഷണങ്ങളെയാണ് പറയപ്പെടുന്നതു്:

വൃത്തിയുള്ളവനായിരിക്കുകയും, അക്ഷാന്തശീലനാ (അടക്കമില്ലാത്തസ്വഭാവം)യിരിക്കുകയും, സുന്ദരനായിരിക്കുകയും, പ്രിയദൎശനനായിരിക്കുകയും, തേജസ്സോടുകൂടയവനായിരിക്കുകയും, ഹ്രസ്വകൎണ്ണനായിരിക്കുകയും, (ഹൎഷത്തിങ്കൽ ചെവിയാട്ടുന്നവൻ) ചെയ്യുന്നമാതംഗം യക്ഷസത്വത്തിൽ പ്പെട്ടവനാകുന്നു.

## രാക്ഷസസത്വലക്ഷണങ്ങൾ

ഇനി രാക്ഷസസത്വലക്ഷണങ്ങളാണ് പറയാൻ തുടങ്ങുന്നത്:—

കാകൻ, വാനരൻ, ഖരം (കഴുത) ഉഷ്ട്രം (ഒട്ടകം) വിലാളം (പൂച്ച) എന്നിവയുടെ മലമൂത്രങ്ങളുടെ ദുർഗ്ഗന്ധത്തോടുകൂടിയിരിക്കുകയും, ഇഭങ്ങളെ (ആനകളെ) ഹനിക്കുന്നവയായിരിക്കുകയും, രാത്രികാലങ്ങളിൽ ദാരുണനായിരിക്കുകയും, അമ്ലം, (പുളി) മാംസം, രുധിരം (രക്തം) എന്നിവയിൽ ഇഷ്ടമുണ്ടായിരിക്കുകയും, കൃതഘ്നനായിരിക്കുകയും ചെയ്യുന്നത് രാക്ഷസസത്വലക്ഷണങ്ങളാകുന്നു.

## പിശാചസത്വലക്ഷണങ്ങൾ

ഇനി പിശാചസത്വലക്ഷണങ്ങളാണ് പറയാൻ തുടങ്ങുന്നത്:—

ശൂന്യപ്രിയനായിരിക്കുകയും, കണപലോററസമാനഗന്ധനായിരിക്കുകയും, ഭ്രാന്തചിത്തനായിരിക്കുകയും, രാത്രിഞ്ചരനായിരിക്കുകയും, ഘനമായ നിസ്വനത്തോടുകൂടിയിരിക്കുകയും, പർവ്വങ്ങളിൽ (പക്ഷങ്ങൾ=15ദിവസം) ഏററവും കോപശീലനായിരിക്കുകയും, മൌഢ്യത്തോടുകൂടിയിരിക്കുകയും ചെയ്യുന്ന മാതംഗം പിശാചസത്വത്തിൽ പെടുന്നു.

## നാഗസത്വലക്ഷണങ്ങൾ

ഇനി പറയാൻ ഭാവിക്കുന്നതു് നാഗസത്വലക്ഷണങ്ങളെക്കുറിച്ചാകുന്നു:—

മത്സ്യം, ശൈവലം (കരിഞ്ചണ്ടി) മദ്യമാംസമത്സ്യങ്ങൾ എന്നിവയുടെ ഗന്ധമുണ്ടായിരിക്കുകയും, ജലശബ്ദത്തിൽ ത്രസ്തനായിരിക്കുകയും, ക്രോധശീലത്തോടുകൂടിയിരിക്കുകയും, നിശാകാലങ്ങളിൽ ജലപാനപരതനായിരിക്കുകയും ചെയ്യുന്നവൻ നാഗസത്വത്തിൽ പെടുന്നവനാകുന്നു.

## ബ്രാഹ്മണസത്വലക്ഷണങ്ങൾ

ശുചിയോടുകൂടിയിരിക്കുകയും, മധു, പയസ്സ്, പരമാന്നം, (പായസം) നെയ്യ്, മാമ്പൂവ്, എന്നിവയുടെ ഗന്ധത്തോടുകൂടിയിരിക്കുകയും, സാമപ്രിയനായിരിക്കുകയും, സകലനാഗഹിതനായിരിക്കുകയും, ശാന്തശീലനായിരിക്കുകയും, ശുഭമതിയായിരിക്കുകയും ചെയ്യുന്ന മാതംഗവര്യൻ ബ്രാഹ്മണസത്വത്തിൽ-പെട്ടവനാകുന്നു.

## ക്ഷത്രിയജാതികൾ

ദേഹം ചന്ദനാജ്യ (നെയ്യ്) ഹരിതാല മനഃശിലകളുടെ ഗന്ധത്തോടുകൂടിയിരിക്കുകയും, സർവ്വകർമ്മകുശലനായിരിക്കുകയും, യുദ്ധരംഗങ്ങളിൽ നിർഭയനായിരിക്കുകയും, വിവിധ ശസ്ത്രനിപാതങ്ങളിൽ ശൂരനായിരിക്കുകയും ചെയ്യുന്ന മാതംഗം ക്ഷത്രിയജാതിയിൽപെട്ടവനാകുന്നുവെന്നു് ശാസ്ത്രഗ്രന്ഥങ്ങൾ സിദ്ധാന്തിക്കുന്നു.

## വൈശ്യജാതികൾ

ബന്ധൂകം, (ചെമ്പരത്തിപൂവ്) ശാലി, (നെല്ല്) തിലം, (എള്ളിൻപൂവ്) കേതകം, (കൈതപൂവ്) മാലതീ, (പിച്ചകപൂവ്) എന്നിവയുടെ ഗന്ധത്തോടുകൂടിയിരിക്കുകയും, കവിളിന്ന് ശോഭയുണ്ടായിരിക്കുകയും, ക്ലേശക്ഷമശീലനായിരിക്കുകയും, ക്രുദ്ധനാണെങ്കിലും ക്ഷിപ്രപ്രസാദിയായിരിക്കുകയും, പിശിത(മാംസം)ഭുക്കായിരിക്കുകയും ചെയ്യുന്ന മാതംഗം വൈശ്യജാതിയിൽ പെട്ടവനാകുന്നു.

## ശൂദ്രജാതികൾ

ഉഛിഷ്ടപദാർത്ഥങ്ങൾ തിന്നാൻ സന്തോഷമുണ്ടായിരിക്കുകയും, പെട്ടെന്ന് ഭീരുവായിത്തീരുകയും, ശുക്ലം, അമ്ലം, ആമയോട്, എന്നിവയുടെ ഗന്ധത്തോടുകൂടിയിരിക്കുകയും, ക്രോധവാനായിരിക്കുകയും, കൃപണനായിരിക്കുകയും, കൃതഘ്നനായിരിക്കുകയും, ചെയ്യുന്ന മാതംഗം ശൂദ്രജാതിയിൽപെട്ടവനാകുന്നു എന്ന് ശാസ്ത്രസിദ്ധാന്തം.

മുകളിൽ കാണിച്ചിരിക്കുന്ന എല്ലാ ലക്ഷണങ്ങളും പ്രത്യേകം നോക്കി അറിയേണ്ടതാകുന്നു.

## ദ്വിജാതിസംബന്ധികൾ

വിശ്വാസഘാതകനായിരിക്കുകയും, ക്രൂരനായിരിക്കുകയും ഗമനത്തിങ്കൽ കുടിലരീതിയോടുകൂടിയവനായും ഭക്ഷണം കുറഞ്ഞവനായും, ഏററവും മദത്തോടുകൂടിയവനായും, ഇരിക്കുന്ന കരിസങ്കരജാതിയിൽപെട്ടവനാകുന്നു.

ദേവൻ, ക്ഷത്രിയൻ, ഗന്ധർവ്വൻ, വിപ്രൻ എന്നീ സത്വങ്ങളിൽപെട്ട ഗജങ്ങൾ സത്വഗുണപ്രധാനികളും ഉത്തമന്മാരുമാകുന്നു.

ശൂദ്രൻ, വൈശ്യൻ, എന്നീ സത്വങ്ങളിൻ പെട്ട വർ രജോഗുണത്തോടുകൂടിയവരാകുന്നു.

ഇങ്ങനെ സത്വരജക്രമങ്ങൾ.

## തമോഗുണം

തമോഗുണത്തോടുകൂടിയ മാതംഗത്തിനു് കയ്പും, പുളിപ്പും, വളരെ ഇഷ്ടമാകുന്നുവെന്നുപറയപ്പെടുന്നു. രജോഗുണപ്രധാനിയായ ഗജവീരനു് ലഹരിപദാർത്ഥങ്ങൾ വളരെ പ്രിയംകരങ്ങളായിരിക്കും. സത്വഗുണപ്രധാനിക്കു് മധുരം ഏററവും ഇഷ്ടമായിരിക്കും.

## ചതുർവ്വർണ്ണങ്ങൾ

അല്പം ധവളനിറത്തോടുകൂടിയും, പീതവർണ്ണത്തോടുകൂടിയും, നല്ല കറുത്ത നിറത്തോടുകൂടിയും, വെളുത്ത നിറത്തോടുകൂടിയുമാണു് ഗജങ്ങൾ ഉണ്ടായിരിക്കുക.

അല്പം വെളുത്ത നിറത്തോടുകൂടിയതു് രക്തപ്രധാനിയായിരിക്കും. മഞ്ഞനിറത്തിലുള്ളവ പിത്തപ്രധാനികളാകുന്നു. കറുത്തനിറത്തിലുള്ളവ കഫപ്രധാനികളാകുന്നു. വെളുത്തവ വാതപ്രധാനികളുമായിരിക്കും. ഇങ്ങിനെ ചതുർവ്വർണ്ണങ്ങളോടുകൂടിയ ഗജങ്ങൾ ഉണ്ടാകുമെന്നു പറഞ്ഞിരിക്കുന്നുവെങ്കിലും ഭൂമിയിൽ കറുത്ത നിറത്തിലുള്ളവയെ മാത്രമേ കാണാൻ കഴിയുന്നുള്ളു. അവ കഫപ്രധാനികളുമാകുന്നുവെന്നറിയുക.

## ഛായകൾ

ഛായകൾ അഞ്ചുവിധത്തിൽ പറയപ്പെട്ടിരിക്കുന്നു. അവ പഞ്ചഭൂതാത്മകങ്ങളുമാകുന്നു.

മേഘങ്ങൾ ദിനമണിയെ (സൂൎയ്യൻ) മറയ്ക്കുന്നതുപോലെത്തന്നെ ഛായകൾ വാരണങ്ങളുടെ ദേഹത്തെ ആഛാദനം ചെയ്യുന്നു. അതു് ചിരലേക്ഷണവുമാകുന്നു. പഞ്ചഭൂതങ്ങളിൽ ജലത്തിൻെറ ഛായ കാദിംബിനി (മേഘങ്ങളുടെക്കൂട്ടം) യെപ്പോലെ കറുത്ത നിറമാൎന്നിരിക്കും. ഭൂമിയുടെ ഛായ പാലിൻെറ നിറത്തോടുകൂടിയുമിരിക്കും. ഈ ഛായകൾ അധമലക്ഷണങ്ങളാകുന്നവെന്നു് പൂൎവ്വസൂരികൾ പറയുന്നു.

## സപ്തവേദനങ്ങൾ

വേദനങ്ങൾ ഏഴുവിധത്തിലാകുന്നുവെന്നാണ് ശാസ്ത്രമതം. അത്യൎത്ഥവേദി, ഉത്താനവേദി, ഗംഭീരവേദി, അനൎത്ഥവേദി, പ്രത്യൎത്ഥവേദി, കക്ശവേദി, സിദ്ധവേദി എന്നിങ്ങനെ പേരോടുകൂടിയവയാകുന്നു അവ.

## അത്യൎത്ഥവേദനം

പ്രാജനം (വളരു്) അംകുശം (തോട്ടി) ദണ്ഡം എന്നീ ആയുധങ്ങൾ ഉപയോഗിക്കാൻ തുടങ്ങുമ്പോൾതന്നെയായാലും, തൊലിമേൽ തൊടുമ്പോൾതന്നെയായാലും അ

റിഞ്ഞു് വാങ്ങിക്കുന്നതിന്നാകുന്നു അത്യൎത്ഥവേദനമെന്നു് പറയുന്നതു്.

### ഉത്താനവേദനം

തോട്ടി മുതലായ ആയുധങ്ങൾ ദേഹത്തിലോ രോമങ്ങളിലോ സ്പൎശിക്കുമ്പോഴേക്കും കഠിനമായ വേദനയോടുകൂടിയവ ഉത്താനവേദനങ്ങളാകുന്നുവെന്നുപറയുന്നു.

### ഗംഭീരവേദനം

ത്വക്കിൻെറ ഭേദനത്തിങ്കലും, ശ്രോണിതസ്രാവത്തിങ്കലും, മാംസംവരെ താണുപോയാലുംവീണ്ടുംആയുധങ്ങൾ ഉപയോഗിക്കുന്നതിൽ ഭയലേശമില്ലാത്തവ ഗംഭീരവേദനങ്ങളാകുന്നു.

### അനൎത്ഥവേദനം

എത്ര വേദനിപ്പിച്ചാലും, ഭേദിച്ചാലും ശരി, മോഹമോ ഭയമോ ഇല്ലാത്ത വാരണവീരന്മാരുമുണ്ടു്. അവയെ അനൎത്ഥവേദികൾ എന്നു പറയുന്നു.

### പ്രത്യൎത്ഥവേദനം

ആജ്ഞാപിയ്ക്കുന്ന അവസരങ്ങളിൽ എതൃക്കുകയും പിടിയ്ക്കുന്ന സമയങ്ങളിൽ നില്ക്കുകയും, ഇടയുകയും ചെയ്യുന്ന ഗജങ്ങൾ പ്രത്യൎത്ഥവേദികളാകുന്നുവെന്നു് പറയപ്പെടുന്നു. ചില അവസരങ്ങളിൽ ഇവ എതിൎത്തുവെന്നും വരാം.

## കക്ശവേദനം

ഇനി പറയാൻ പോകുന്നതു് കക്ശവേദനത്തെക്കുറിച്ചാകുന്നു. തീരെ സങ്കല്പിക്കാതെയിരിക്കുന്ന അവസരങ്ങളിൽ തെററിദ്ധരിക്കുകയും അതനുസരിച്ച് പെരുമാറുകയും നാം വിചാരിക്കാത്തവയെ തെററായി കരുതുകയും, വിപരീതാൎത്ഥത്തിൽ പെരുമാറുകയും ചെയ്യുന്നവ കക്ശവേദികളാകുന്നു.

## സിദ്ധവേദനം

സൎവ്വ ഭാവങ്ങളിലും ശ്ലക്ഷ്ണനായിരിക്കുകയും വിശുദ്ധനായും മനോഹരനായും ഇരിക്കുന്നതു് ഏററവും ഉത്തമമാകുന്നു. അതിന്നു് സിദ്ധവേദനമെന്നാകുന്നു പേർ.

ഇങ്ങിനെ മുകളിൽ കാണിച്ചിരിക്കുന്ന വിധത്തിൽ സപ്തവേദനങ്ങൾ ശാസ്ത്രഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നതു് യഥോചിതം യഥാവസരം ചിന്തിക്കേണ്ടതും അതനുസരിച്ചു് പ്രവൎത്തിക്കുകയും ചെയ്യുന്നതു് ഏററവും ഉത്തമമാകുന്നുവെന്നറിയുക.

എട്ടാം അദ്ധ്യായം കഴിഞ്ഞു.

# ഒമ്പതാം അദ്ധ്യായം

അതിമധുരപദാൎത്ഥങ്ങൾ ഭക്ഷിക്കുന്നതു് ഗജങ്ങൾക്കു് പ്രിയംകരമാകുന്നു. അതുപോലെത്തന്നെ പ്രിയംകരങ്ങളും, ഉത്സാഹദായകങ്ങളുമായ കാൎയ്യങ്ങളെക്കുറിച്ചു് വിവരിക്കാം.

കൊമ്പുകൾ ഒടിക്കുകയും ഭക്ഷിക്കുകയും, നല്ല പുല്ലുകൾ പൊതിഞ്ഞ പദാൎത്ഥങ്ങൾ ഭക്ഷിക്കുകയും, ജലപാംസു (പൊടി) സ്നാനങ്ങൾ ചെയ്യുകയും, വിധിയനുസരിച്ചുള്ള ഭക്ഷണക്രമങ്ങൾ ചെയ്യുകയും, മനോതൃപ്തിക്കനുസരിച്ചു് സഞ്ചരിക്കാൻ അനുവദിക്കുകയും, മധുരവാക്കുകൾ പറയുകയും ചെയ്യുന്നതുകൊണ്ടു് ഗജങ്ങൾക്കു് ഏററവും ഇഷ്ടമുണ്ടാകുന്നതാണു്.

വാരണങ്ങൾ എത്രമാത്രം സന്തുഷ്ടരാകുന്നു അത്രക്കു ധാതുപുഷ്ടി ഉണ്ടാകുന്നുവെന്നു പൂൎവ്വാചാൎയ്യന്മാർ പറയുന്നു. ധാതുക്കളെന്നാൽ സപ്തധാതുക്കളെന്നാകുന്നു അൎത്ഥം. അവ താഴെ കാണിക്കുന്നവയാകുന്നു.

ത്വക്കസൃക്കു് മാംസമേദോസ്ഥി
മജ്ജശുക്ലവുമിങ്ങിനെ
ഏഴുധാതുക്കളൊണല്ലോ
ജീവികൾക്കൊക്കെയും ഭുവി.

ത്വക്ക്, (തൊലി) അസൃക്, (രക്തം) മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം ഇങ്ങിനെ ഏഴു ധാതുക്കൾ.

ഗജങ്ങൾക്ക് മേൽപറഞ്ഞ ധാതുപുഷ്ടികരമായ കാൎയ്യങ്ങളെല്ലാം ചെയ്യേണ്ടതാണ്. വിധിയനുസരിച്ച് അവ പ്രയോഗിക്കുന്നതുകൊണ്ടും പരിശീലിപ്പിക്കുന്നതുകൊണ്ടും ധാതുക്കൾ ഏഴെണ്ണവും പുഷ്ടിയെ പ്രാപിക്കുകയും, ശക്തി, സൌന്ദൎയ്യം എന്നിവ വൎദ്ധിക്കുകയും ചെയ്യുന്നതാവെന്നു് പാലകാപ്യൻ പറയുന്നു. പിടിയാനയോടുകൂടി സഞ്ചരിക്കുകയും ഇഷ്ടത്തിനനുസരിച്ച് വിഹരിക്കുകയും വെള്ളത്തിൽ ക്രീഡിക്കുകയും മററും ചെയ്യുന്നതും ധാതുപുഷ്ടികരങ്ങളാകുന്നു.

സ്വതഃസിദ്ധമായ പ്രേരണകളനുസരിച്ച് പത്മതടാകങ്ങളിൽ ക്രീഡിക്കാൻ അനുവദിക്കുകയും, പരിമളഭരോൽഗാരിയായ വാരി (വെള്ളം) പാനം ചെയ്യാനും മററും ഉപയോഗിക്കുന്നതും വാരണങ്ങൾക്ക് ധാതുപുഷ്ടികരമാകുന്നു.

അതുപോലെതന്നെ ബിസങ്ങൾ (താമരവലയങ്ങൾ) ഭക്ഷിക്കുകയും, സ്വേഛാചരാനുസാരം സഞ്ചരിക്കാൻ അനുവദിക്കുകയും, ചെയ്യുന്നതുനിമിത്തം വാരണങ്ങൾക്ക് ധാതുസാമ്യം ഉണ്ടാകുന്നു.

ഇവിടെ ധാതുസാമ്യമെന്നു പറയുന്നതു് വാതപിത്തകഫങ്ങളുടെ സാമ്യമെന്നു് അൎത്ഥമാകുന്നു.

ഹർഷാധിക്യംകൊണ്ടാണ് ഗജങ്ങൾക്ക് മദമുണ്ടാകുന്നതു്. വിമുക്തമായിരിക്കുന്ന ഹർഷം നിമിത്തം മദശാന്തിയുണ്ടാകുന്നു. അതായതു് സന്തോഷത്തിനു് ശമനമുണ്ടാകുമ്പോൾ മദവും ശമിക്കുന്നു.

## മദജലം സ്രവിക്കുന്ന സ്ഥലങ്ങൾ.

മദജലം സ്രവിക്കുന്ന സ്ഥലങ്ങൾ പലതുമുണ്ടു്. അവയാണ് താഴെ ചേക്കുന്നതു്.

മസ്തകങ്ങൾ, നേത്രങ്ങൾ, താലു, ശ്രോത്രങ്ങൾ, നാഭി, കോശം, തുമ്പി, സ്തനങ്ങൾ, രോമങ്ങൾ എന്നീ സ്ഥലങ്ങളിൽനിന്നു് മദജലം സ്രവിക്കുന്നു.

ശീഘ്രപ്രഹൃഷ്ടനായിരിക്കുകയും, ശീഘ്രഗതിയായിരിക്കുകയും, ഗന്ധത്തോടുകൂടിയിരിക്കുകയും, മദസ്രവണമുണ്ടാകുകയും, ശക്തി വദ്ധിക്കുകയും, കോപശീലത്തോടുകൂടിയിരിക്കുകയും, ഭയം ലവലേശമില്ലാതിരിക്കുകയും, ക്രോധശീലത്തോടുകൂടിയിരിക്കുകയും ചെയ്യുന്നതു് മദാരംഭകാലത്തിലെ ലക്ഷണങ്ങളാകുന്നു. ദേവാസുരയുദ്ധകാലത്തു് ബ്രഹ്മാവു് മദം എന്ന വസ്തു സൃഷ്ടിച്ചതിൽനിന്നു് അദ്ധഭാഗം സവ്വചരാചരവസ്തുക്കൾക്കും നൽകുകയും, ബാക്കിയായ അദ്ധഭാഗം ഗജങ്ങൾക്കു നൽകുകയും ചെയ്തു. അതുകൊണ്ടാണ് മദാവസ്ഥകളിൽ ഗജങ്ങൾക്ക് നിർഭീകാവസ്ഥയും കൂടുതൽ ശക്തിയും, കോപവും, ഉണ്ടായിരിക്കുന്നതെന്നത്രേ ശാസ്ത്രമതം.

മഹീരുഹ (വൃക്ഷങ്ങൾ) ങ്ങൾ മദവൃഷ്ടികൊണ്ടു് ഋതുകാലങ്ങളിൽ പുഷ്ടിക്കുകയും വദ്ധിക്കുകയും ചെയ്യുന്നു. അതുപോലെത്തന്നെ ഈ ബ്രഹ്മാണ്ഡത്തിൽ കാണുന്ന സകല ചരാചരവസ്തുക്കളും മദം നിമിത്തം ആനന്ദിക്കുകയും ചെയ്യുന്നു.

രാഷ്ട്രത്തിലോ നഗരത്തിലോ ഗജങ്ങൾക്കു് മദമുണ്ടായാൽ ക്ഷോണി സുഭിക്ഷയായി ഭവിക്കുന്നതാണു്.

ആദ്യമായി മദം കാണുന്നതു് വലത്തുഭാഗത്തെ മസ്തകത്തിലാണെങ്കിൽ ആ ദിക്കിലെ രാജാവിന്നു്സവ്വകാര്യ്യജയമാകുന്നു ഫലമെന്നു പറയുന്നു.

ഇടത്തെ ഭാഗത്തെ മസ്തകത്തിൽനിന്നാണു് ആദ്യമായി മദജലം കാണുന്നതെങ്കിൽ നിയന്താവിന്നു് ജയമെന്നു പറയുന്നു.

കോശത്തിലാണാദ്യമായി കാണുന്നതെങ്കിൽ പൃഥിവിസുവൃഷ്ടി രുചിരമായിത്തീരുന്നതായിരിക്കും.

മസ്തകങ്ങളിൽനിന്നും കണ്ണുകളിൽനിന്നും മദജലം പുറപ്പെടുന്നതായി കണ്ടാൽ ആ പ്രദേശത്തെ രാജാവു് കീത്തിമാനായിത്തീരുന്നതാകുന്നു.

ഇങ്ങിനെയാണു് ആദ്യമദസ്രാവദശ്നത്തിൻെറ ഫലങ്ങളെ ശാസ്ത്രങ്ങൾ ഉൽഘോഷിക്കുന്നതെന്നറിയുക.

ഇഷ്ടാനുസൃതമായി വല്മീകങ്ങൾ, സ്ഥാണുക്കൾ (കുററികൾ) ഗുത്മങ്ങൾ വൃക്ഷങ്ങൾ, വാസസ്ഥലങ്ങൾ എന്നിവ തട്ടിത്തകൎത്ത് തരിപ്പണമാക്കുകയും, ഏഷ്ടദൃഷ്ടിയായിരിക്കുകയും, തല ഉയൎത്തിപ്പിടിച്ചുനില്ക്കുകയും, തല താഴ്ത്തിയും ഉയൎത്തിയും പിടിച്ചുകൊണ്ട് ഓടിമറിയുകയും, ഉറക്കെ ശബ്ദിക്കുകയും, കയറുകെട്ടുന്ന സമയത്ത് കര (തുറവി) ത്തിലൂടെ ജലം ഒഴുക്കുകയും, വീണ്ടും വീണ്ടും ഉറക്കെ അലറുകയും, വലത്തു കൊമ്പിന്മേൽ തുമ്പിക്കൈ കൊണ്ടു് ചുററി ചാടുകയും മററും ചെയ്യുന്നതു് ഉടനെ ത്തന്നെ മദംപൊട്ടുന്നതിൻെറ ലക്ഷണങ്ങളാകുന്നുവെന്നറിയുക:

മദംപൊട്ടുന്നതിന്നു് പലവിധ ലക്ഷണങ്ങളുമുണ്ടു്. അവയെല്ലാം വഴിപോലെ മനസ്സിലാക്കിയിരിക്കേണ്ടതാണു്. മദഭരിതനായ ഗജത്തിൻെറ ചേഷ്ടകളും, കൎമ്മങ്ങളും കണ്ടു് അവ യഥാവിധി മനസ്സിലാക്കാവുന്നതാണു്. ശാസ്ത്രോക്തികളും സ്വന്തം യുക്തികളുമനുസരിച്ചു് ഈ അവസരത്തിൽ പെരുമാറുകയും സൂക്ഷ്മദൃഷ്ടിയോടുകൂടിയിരിക്കുകയും ചെയ്യേണ്ടതാണു്.

പെട്ടെന്നു് സ്ഖലിതഗതിയായിരിക്കുകയും, സ്തബ്ധകൎണ്ണനായിരിക്കുകയും (സ്രസ്തകൎണ്ണ: എന്നു് പാഠാന്തരം) അതിദീനനായിരിക്കുകയും, പതുക്കെ ദീൎഘനിശ്വാസം ചെയ്യുകയും, പൃഥിവിയിങ്കൽ ന്യസ്തഹസ്തനായിരിക്കുകയും (നിലത്തുവെച്ച തുമ്പിക്കയ്യോടുകൂടിയവൻ) ദ്രുതമുകുളിതലോചനനായിരിക്കുകയും, സ്വപ്നശീലനായിരിക്കുക

യും, അലസമായ ദേഹത്തോടുകൂടിയിരിക്കുകയും, ഭയത്തെ ചെയ്യുന്നവനായിരിക്കുകയും അമിതമായി ഭക്ഷിക്കുന്നവനായിരിക്കുകയും എപ്പോഴും മൂത്രമൊഴിക്കുകയും ചെയ്യുന്നതു് മദാരംഭലക്ഷണങ്ങളാകുന്നു.

നഖദന്തനയനങ്ങൾ മധുരുചിയായിരിക്കുകയും, ദേഹത്തിന്നു് നീലമേഘച്ഛവി ഉണ്ടായിരിക്കുകയും അരുണമായ ദുർഗന്ധങ്ങളോടുകൂടിയിരിക്കുകയും, പത്മകിഞ്ജൽക്കബിന്ദുവായിരിക്കുകയും, അന്യഗജങ്ങളോടു് ദ്വേഷമുണ്ടായിരിക്കുകയും, പാംസുപാഥോവിഹാരങ്ങളാൽ കടപ്രദേശം പൂർണ്ണമായിരിക്കുകയും, സൌന്ദര്യത്തോടുകൂടിയിരിക്കുകയും ചെയ്യുന്ന വാരണങ്ങൾ മദാരംഭപ്രകൃതികളോടുകൂടിയവയാണെന്നു് മനസ്സിലാക്കിയിരിക്കേണ്ടതാകുന്നു.

ധാരാളമായി ഒഴുകിക്കൊണ്ടിരിക്കുന്ന ദാനവാരികൊണ്ടു് (മദജലം) കഴുകിയപോലെയിരിക്കുന്ന കപോലങ്ങളോടുകൂടിയിരിക്കുകയും, സംവർത്തമേഘം (പ്രളയകാലത്തിലുള്ള മേഘം) പോലെയുള്ള ശബ്ദത്തോടുകൂടിയിരിക്കുകയും, ദൂരസ്ഥിതന്മാരെപ്പോലും ഹനിക്കാനുള്ള കാമത്തോടുകൂടിയിരിക്കുകയും, എന്നിട്ടു് അവരുടെ നേരെ ഓടി അടുക്കുകയും ചെയ്യുന്ന വാരണവീരൻ ആർദ്രകപോലിതൻ എന്ന പേരുള്ളവനാകുന്നു.

രണ്ടുഭാഗങ്ങളിലേക്കും തിരിഞ്ഞുനോക്കുകയും കോശദണ്ഡത്തിൽകൂടി തുള്ളികളായി മദജലം പൊഴിഞ്ഞുകൊണ്ടിരിക്കുകയും, പിൻതിരിഞ്ഞു് ഓടുവാൻ ഉദ്യമിക്കുകി

യും, സ്തംഭദ്വേഷിയായിരിക്കുകയും, ചതുരഗമനനായിരിക്കുകയും ചെയ്യുന്നതു് മദയാനകളുടെ ലക്ഷണങ്ങളാകുന്നു.

മേൽപറഞ്ഞ ലക്ഷണങ്ങൾ എല്ലാം പരിപൂൎണ്ണമായി കാണുന്നതു് ഏററവും അധികം മദിച്ച ഗജങ്ങൾക്കാകുന്നു. അവയെ ആവുന്നത്ര സൂത്രങ്ങളോടുകൂടി നേരിടേണ്ടതുമാണ്. മദയാനകൾ ചിലപ്പോൾ കൊലയാളികളായെന്നും വരാവുന്നതാകുന്നു.

അതിന്നുള്ള പ്രമാണശാസ്ത്രമാകുന്നു താഴെ കാണുന്നതു്.

തിൎയ്യക്തിൎയ്യക് നയനമസകൃൽ
പക്ഷയോൎവ്വീക്ഷമാണോ_
ബിന്ദുംബിന്ദും വിസൃജതിമദം
കോശമേണ്ഡനനാശ:
പശ്ചാൽഗന്തും വ്യവസിതമനാ
ബൃംഹതേ ഭൂരിദാന:
സ്തംഭദ്വേഷീ ചത്വരഗമനോ
ലക്ഷ്യതേയോനിബന്ധൽ.

മററു ലക്ഷണങ്ങളും പറഞ്ഞിട്ടുള്ളതു താഴെ വിവരിക്കാം:—

സപ്തച്ഛദം (ഏഴിലാമ്പാല) പോലെയും, അംഭോജം പോലെയുമുള്ള ഗന്ധത്തോടുകൂടിയിരിക്കുകയും, സദാ

സമയങ്ങളിലും ക്രോധത്തോടുകൂടിയിരിക്കുകയും, കുങ്കുമവണ്ണത്തിലുള്ള മദജലത്തോടുകൂടിയിരിക്കുകയും, മററ ആനകളുടേയും മനുഷ്യരുടേയും വാഹനങ്ങളുടേയും നേക്ക് ഓടിയെത്തുകയും ചെയ്യുന്നതു് മദിച്ച ആനകളുടെ ലക്ഷണങ്ങളാകുന്നു.

കിടപ്പ്, നടപ്പ്, ഭക്ഷണകാര്യങ്ങൾ എന്നിവകളിൽ അശ്രദ്ധയോടുകൂടിയിരിക്കുകയും, ഇഷ്ടവാക്കുകളിലും മററും ശ്രദ്ധയില്ലാതിരിക്കുകയും, ഇരുട്ടിൽ സഞ്ചരിക്കുവാൻ ആഗ്രഹമുണ്ടായിരിക്കുകയും, രാത്രികാലങ്ങളിൽ പ്രസാദത്തോടുകൂടിയിരിക്കുകയും, എല്ലായ്പോഴും കോപത്തോടുകൂടിയിരിക്കുകയും ചെയ്യുന്നതും മദിച്ച ആനകളുടെ ലക്ഷണങ്ങളാകുന്നു.

മദം അതിക്രമിച്ചിരിക്കുന്ന അവസരങ്ങളിൽ ഗജങ്ങൾ അത്യന്തകോപശീലന്മാരായിത്തീരുന്നു. സ്ഥാവരജംഗമവസ്തുക്കളെ നശിപ്പിക്കുവാനും, ഹിംസിക്കുവാനുമുള്ള വാസന ഈ അവസരത്തിൽ അവരിൽ ക്രമാതീതമായി വദ്ധിക്കുന്നു. ഒരിടത്തും സ്ഥിരമായി നില്ക്കാതിരിക്കുകയും എപ്പോഴും ഓടിക്കൊണ്ടിരിക്കുകയും, എന്തു ശബ്ദം കേൾക്കുന്നതും അസുഖകരമായിത്തോന്നുകയും, മററ ആനകൾ തന്നെ പിന്തുടരുന്നുണ്ടെന്നു് സംശയിച്ചു് തൻെറ നിഴലിൽതന്നെ വീണ്ടും വീണ്ടും വദ്ധമാനമായ കോപത്തോടുകൂടി കുത്തുകയും, മററ അസുഖകരങ്ങളായ പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നതു് മദിച്ച ആനകളുടെ ലക്ഷണമാകുന്നു.

നിവൃത്തമദസഞ്ചയോവിഗത
വേഗകോപോദ്ധൃതി:
പ്രവൃത്തമൃദുഗാത്രസഞ്ചരണ
കേളിഭാസ്വദ്വപു:
വിമുക്തഗജമത്സരോമദ
നിവർത്തനേഹ്രാസനേ
പയോദഇവരാജതേപരി
വിമുക്തതോയാഗമ:

മദം അവസാനിച്ചുതുടങ്ങുന്ന അവസരങ്ങളിൽ വിഗതവേഗകോപോദ്ധൃതിയായിരിക്കും. വേഗതയും കോപവും കുറഞ്ഞിരിക്കുമെന്നു് സാരം. പ്രവൃത്തമൃദുഗാത്രസഞ്ചരണകേളിയായും ഭാസ്വദ്വപുസ്സായുമിരിക്കും.

മററു ഗജങ്ങളോടുള്ള മാത്സര്യാദികൾ കുറഞ്ഞിരിക്കും. വിമുക്തതോയാഗമത്തോടുകൂടിയ പയോദം എന്നപോലെ (പെയ്തൊഴിഞ്ഞ മഴക്കാറുപോലെ) ലഘുവായിരിക്കുകയും ചെയ്യും.

മദസ്രാവം നിമിത്തം ഗജങ്ങൾക്കു് സപ്തധാതുക്കളും ക്ഷയിക്കുകയും, അതിപ്രബലങ്ങളായ മററു രോഗബാധകൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും.

പിന്നീടു് കാലക്രമങ്ങൾക്കനുസരിച്ചു് മദസ്രാവം ഉണ്ടാവുകയില്ല. ആയതിവാൽ സപ്തധാതുക്കളും ക്ഷയോന്മുഖമായിത്തീരുന്നതിനുമുൻപു് മദത്തെ ഇളക്കുകയും,

മദശാന്തിക്കാവശ്യമായ മരുന്നുകഠം കൊടുക്കകയും ചെയ്തു് ഗജങ്ങളുടെ ശക്തി നിലനിൎത്തുന്നതിന്നുവേണ്ടി പരിശ്രമിക്കേണ്ടതാകുന്നു.

**മദമുണ്ടാകുവാനുള്ള മരുന്നു്.**

അമൃതും നൽകുറുന്തോട്ടി—
വേരും പൂവ്വാങ്കുരുന്നില
മുരിങ്ങത്തൊലിയും പിന്നെ
* പ്പാലത്തൊലി വിളാമ്പഴം
പെരുങ്കുരുമ്പ തൻവേരും
ചന്ദനം തവിഴാമയും,
രാമച്ചം നൽവയൽച്ചുള്ളി
കന്നിവേരുമമുക്കുരം
കുരുമ്പവേരുമകിലും
ഞെരിഞ്ഞൽ കോഴിമുട്ടയും
തേങ്ങാപ്പാലിലരച്ചിട്ടു
കൊടുത്തീടു യഥാക്രമം
ആനക്കുരുളയീമട്ടിൽ
കൊടുത്താൽ മദമാന്നിടും.

ചിററമൃതു്, കുറുന്തോട്ടിവേരു്, പൂവ്വാംകുറന്തില, മുരിങ്ങത്തൊലി, ഏഴിലാമ്പാലത്തൊലി, വിളാമ്പഴം, പെരുങ്കുരുമ്പവേരു്, ചന്ദനം, തമിഴാമവേരു്, രാമച്ചം, വയൽച്ചുള്ളി വേരു്, കന്നിവേരു്, അമുക്കുരം, കുരുമ്പ

* ഏഴാമ്പിലാലയാണു് വേണ്ടതു്.

വേരു്, അകില്പു്, ഞെരിഞ്ഞൽ, കോഴിമുട്ട എന്നിവ തേങ്ങാപ്പാലിൽ അരച്ചു് ഉരുളയാക്കികൊടുത്താൽ മദമുണ്ടാകുന്നതാണു്.

(മൂലശ്ലോകം)

സഹാമൃതാ ശിഗ്രുംബലാ ദച്ചിമൂർവ്വാ
കാപിത്ഥസപ്തച്ഛദചന്ദനാനാം
കദംബ ഗ്ഗുഞ്ജാ മധുകാശപഗന്ധ
ജീവന്തികാശാൽമലീസൂരണാനാം
വൃശ്ചീരസേവ്യേക്ഷുരകുക്കുടാണ്ഡ—
ഗ്ഗുഞ്ജാശപഗന്ധാഗ്ഗുരുഗോക്ഷുരാണാം
കേരീപയ:ക്ഷൌദ്രയുടെതോഗജാനാം
പിണ്ഡ:പ്രദേയേമദസംഭവേച്ഛയം
കരിങ്കുറിഞ്ഞിതൻവേരും
പിച്ചകത്തിലനിംബവും,
ഇംഗുദം, പിന്നെയിന്തുപ്പും
കൂവളത്തിൻെറവേരുമാം
അരച്ചുതേനിലും പിന്നെ
പല്ലതാം മധുവിങ്കലും
ചേർത്താനക്കുകൊടുത്തീടിൻ
കോപം വദ്ധിച്ചിടുംദൃഢം

കരിങ്കുറിഞ്ഞിവേരു്, പിച്ചകത്തില, നിംബം(വേപ്പിൻതൊലി) ഓടം, ഇന്തുപ്പു്, കൂവളവേരു് ഇവ അരച്ചു് മദ്യത്തിൽ ചേർത്തോ തേനിൽചേർത്തോകൊടുത്താൽഗജങ്ങൾക്കു് കോപം വദ്ധിക്കുന്നതാകുന്നു.

ഏഴിലാമ്പാലയും പിന്നെ
നല്ലപൂവ്വാംകുറുന്തല
മാതളത്തിൻെറ നാരങ്ങ
കടുക്കത്തോട്ട തിപ്പലി

ഓടമെന്നിവയിൽനല്ല
പാലും തേനും യഥാക്രമം
ചേത്തരച്ചതുമേൽതേച്ചാൽ
മദയാനവശപ്പെടും.

ഏഴിലാമ്പാല, പൂവ്വാം കുറുന്തല, മാതളനാരങ്ങ കടുക്ക, തിപ്പലി, ഓടം, ഇവയിൽ തേനും പാലും ചേത്തു് അരച്ച് മേൽ തേച്ചാൽ മദയാനകൾപോലും വശത്താകുന്നു.

## വാരണഗ്രഹണവിധികൾ

വാരണഗ്രഹണം അഞ്ചുതരത്തിലാണുള്ളതു്. അവയുടെ പേരുകൾ താഴെ വിവരിക്കുന്നു.

വാരീകമ്മം, വശാവിലോഭനം, അനുഗതി, ആപാതം, അവപാതം എന്നിവയാകുന്നു അവ.

ഇതിൽ ക്രമാനുഗതമായി എഴുതിയിരിക്കുന്നവ ആദ്യം മുതൽ ഉത്തമ മദ്ധ്യമാധങ്ങളും, അവസാനമുള്ളവ നിന്ദ്യങ്ങളുമാകുന്നുവെന്നു് ആചാൎയ്യന്മാർ പറയുന്നു.

മുകളിൽ കാണിച്ചിരിക്കുന്ന വാരണഗ്രഹണ വിധികളെക്കുറിച്ചാണ് ഇനി അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നതു്.

ഏററവും രഹസ്യങ്ങളും മററാക്കും ഉപദേശയോഗ്യമല്ലാത്തവയുമായ നിരവധി കൌശല പ്രയോഗങ്ങളുള്ളവ അടുത്ത അദ്ധ്യായങ്ങൾ തുടങ്ങി പറയുന്നതാകുന്നു. ഈ ശാസ്ത്രഗ്രന്ഥത്തിലെ വിധികളനുസരിച്ച് എല്ലവരും ഈ വിഷയം കൈകാര്യം ചെയ്യേണ്ടതാകുന്നു.

ഈ വിഷയങ്ങളെല്ലാം നിരവധി പരീക്ഷണങ്ങൾക്കുശേഷം പാലകാപ്യമഹാമുനി ബ്രഹ്മാവിൻെറ ആജ്ഞയനുസരിച്ച് ഉപദേശിക്കപ്പെട്ടിട്ടുള്ളതായിരിക്കുന്നതിനാൽ ഈ ഗ്രന്ഥത്തിൻെറ മാഹാത്മ്യം വ്യക്തമാകുന്നുണ്ടല്ലോ?

ശേഷം കാര്യങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ അടുത്ത ഭാഗങ്ങളിൽ ചേർക്കുന്നതാകുന്നു.

ഇങ്ങിനെ ഒമ്പതാം അദ്ധ്യായം കഴിഞ്ഞു.

★

# പത്താം അദ്ധ്യായം

ഒരു വിളിപ്പാട്ട് ചതുരശ്രസ്ഥലത്ത് വൃക്ഷങ്ങളും കുററികളുംകൊണ്ട് ഉറപ്പുള്ളതായ വേലികെട്ടുക. അതിന്നടുത്ത് മുനയുള്ള കുററികഠം കുഴിച്ചിട്ട് നാലുഭാഗത്തും കിടങ്ങുണ്ടാക്കുക. ഒരു ഭാഗത്ത് ഒരു വാതിൽ ബലമായി വെക്കുക. രണ്ടു ഭാഗത്തും വീണ്ടും വേലി ഉറപ്പിക്കുക. പുറത്തേക്ക് വിസ്താരം ധാരാളമുണ്ടായിരിക്കണം മുളകഠംകൊണ്ടാണിതുണ്ടാക്കുന്നത്.

ഒരേമാതിരിയുള്ള വൃക്ഷങ്ങളെക്കൊണ്ടും കുററികളെക്കൊണ്ടും തീത്തിരിക്കുന്ന വേലിയുടെ വാതിലിന്നു് ഒരു പടിയുണ്ടാക്കണം. പടിവാതിലിൻെറ മുകളിൽ കയറു കെട്ടീമരത്തിൻെറ മുകളിലേക്ക് വലിച്ചു കെട്ടുക.

വാതിലിൻെറ സമീപ സ്ഥലങ്ങളിൽ മുനക്കൂർപ്പിച്ചമരങ്ങളെ കുഴിച്ചിട്ടുറപ്പിക്കുക. ഇങ്ങിനെ തീത്ത വേലികളുള്ളിൽ കരിമ്പു തുടങ്ങിയ ഭക്ഷണപദാത്ഥങ്ങഠം നട്ടുണ്ടാക്കിയിരിക്കണം. പെരുമ്പറ തുടങ്ങിയവ ഉറക്കെ കൊട്ടി ശബ്ദമുണ്ടാക്കി ആനക്കൂട്ടത്തെ ഓടിച്ചു കൊണ്ടുവന്നു്

ഇതിനുള്ളിലേക്കാക്കകയും പടിക്കതകിൻെറ മരത്തില്ലു ള്ളകയർ കെട്ടി പടിയിട്ടുറപ്പിക്കുക.

കയറുകൾ, കുന്തങ്ങൾ, മുളംതണ്ടുകൾ, തോട്ടികൾ എന്നിവയോടുകൂടി ആനക്കാർ അവിടെ രണ്ടുമൂന്നു ദിവസം കാത്തിരുന്നു് ആനകളെക്കുറിച്ചു് ശരിക്കും പഠിച്ചറിഞ്ഞതിനുശേഷം ലക്ഷണമൊത്ത ആനകളെബന്ധിക്കുകയും അല്ലാത്തവയെ ഓടിച്ചുകളയുകയും ചെയ്യേണ്ടതാകുന്നു.

കഴുത്തിൽകമ്പ കയറുകൊണ്ടും പിൻഭാഗത്തു് മുട്ടവും ഉറപ്പേറിയതുമായ കയറുകളെക്കൊണ്ടും കെട്ടി പിൻകാലിൽ തുടലിടുക.

മുൻപിൽ ഇണങ്ങിയ ആനകളെ നിർത്തി പിടിപ്പിക്കുകയും, പിൻഭാഗത്തു് കയർപതുക്കെപ്പതുക്കെ അയച്ചിട്ടു് ഇവയെനടത്തിക്കൊണ്ടു പോകാവുന്നതാണു്.

ഇങ്ങിനെയാണു് ഗജഗ്രഹണവിധിയിലെ പ്രഥമോപായമെന്നറിയുക.

ഇനിയുള്ള മററുപായങ്ങളെക്കുറിച്ചു് വിസ്തരഭയത്താൽ ഗ്രന്ഥത്തിൽ ചേർക്കുന്നില്ല. അതു് ഇനിയൊരു ഗ്രന്ഥത്തിൽ ക്രമേണ ചേർക്കുന്നതാണു്.

## വശീകരണമരുന്നുകൾ

ഇലിപ്പതൻ പൂ;വിരട്ടി-
മധുര മിലവർങ്ങവും.
കൂവളത്തിലയും പിന്നെ
വയമ്പും നല്ലമുക്കരം

വെള്ളുള്ളിയും നൻമുളകും
ഗോമൂത്രത്തിലരച്ചതു്
ചാലിച്ച തോട്ടി മുനമേൽ
തേച്ചാലാനവശപ്പെടും.

സാരം:- ഇലിപ്പപ്പൂവ്വ്, ഇരട്ടിമധുരം, ഇലവർങ്ങം, കൂവളത്തിന്നില, വയമ്പ്, അമുക്കുരം, വെള്ളുള്ളി, മുളക്, എന്നിവസമം ഗോമൂത്രത്തിൽഅരച്ച്ചാലിച്ച് ഗജഗ്രഹണത്തിനുള്ള തോട്ടിയുടെ മുനമേൽ തേച്ചാൽ ഏതാനയും വശപ്പെടും

വജ്രംപോലർദ്ധചന്ദ്രൻപോൽ
നഖം പോൽ കൈതമുള്ളപോൽ
തീർത്തിടേണം ഗജങ്ങൾക്ക-
ങ്ങിക്കണക്കിന്നു തോട്ടികൾ.

മദയാനയെബന്ധിക്കാ-
നായിട്ടങ്കശദേവത.
അങ്കശാന്തത്തിലുണ്ടെന്ന-
ങ്ങോതുന്നു പൂർവ്വസൂരികൾ.

വിതാനത്തിങ്കലും പിന്നെ
ഗ്രീവയിൽ വിട്ടവിങ്കലും,
നിയ്യാണത്തിങ്കലും പിന്നെ
മസ്തകത്തിലു മീവിധം,

അവഗ്രഹം തന്നിലും ന-
ല്ലങ്കശത്താൽ പിടിച്ചിടാം.
ക്രമിരോഗങ്ങളുണ്ടാകു-
മാനകൾക്കെന്നതോക്കണം

അതിനാൽ ക്രമിനാശത്തി-
ന്നൌഷധങ്ങൾകൊടുക്കണം.
കായമെട്ടു പലം, പിന്നെ
ച്ചുർണ്ണരാജനൊരേഴുമാം

പത്തും പത്തും പലം വേണം
പൊടിയാക്കിയശ്ശൽശ്ശല്യ.
എണ്ണയും നെയ്യുമിവയിൽ
ചേത്തുനിത്യം കൊടുക്കണം

### ആനപ്പുറത്തു് കയറുവാനുള്ള ഉപായം

ചെവികളിലൂടേയും, കാലുകളിൽകൂടിയും, മുഖത്തുകൂടിയും പുറകെല്ലുടി ചാടിയും ആനപ്പുറത്തുകയറാം.

### ഇറങ്ങുവാനുള്ള ഉപായം

വാലിന്മേൽകൂടിയും,കാലുകളിൽകൂടിയും,മുഖത്തുകൂടിയും ഇരുവശങ്ങളിൽകൂടിയും, ചെവികളിൽകൂടിയും ഇറങ്ങാവുന്നതാകുന്നു.

ഇങ്ങിനെ പ്രസിദ്ധനായപാലകപ്യമഹഷിരോമപാദരാജാവിന്നായിക്കൊണ്ടു് ഗജശാസ്ത്രത്തെ വിധിക്കനുസരിച്ച്പറയപ്പെട്ടിരിക്കുന്നു.

രോമേതിനാമപത്മസ്യ
വ്യാഖ്യാതംപൂവ്വസൂരിഭി:
തേനൈവാംകിതപാദതാൽ
രോമ പാദഇതിസ്മൃത:

DHARMARAM LIBRARY

BANGALORE-560 029

Due Date

രോമമിവപാദംയസ്യസ: രോമപാദ: [illegible]

അതായത് രോമംപോലെയുള്ളപാദം ആർക്കുണ്ടോഅവൻ രോമപാദൻ,

DHARMARAM COLLEGE LIBRARY, BANGALORE. 20170

രോമമെന്നാൽ ഇവിടെതാമരഎന്നർത്ഥം.

ആനക്കൂട്ടത്തെ സംരക്ഷിച്ചതുകൊണ്ടും കപില ഗോത്രത്തിൽ ജനിച്ചതുകൊണ്ടും ഇവൻ പാലകാപ്യനാകുന്നു എന്നുദേവതകൾ അരുളിച്ചെയ്തതുനിമിത്തമാണ് പാലകാപ്യൻ എന്ന പേർ സിദ്ധിച്ചതെന്നറിയുക.

പത്താം അദ്ധ്യായം കഴിഞ്ഞു

കമലാ പ്രസ്സ്, പടിഞ്ഞാറെ നടക്കാവ്,

തൃശ്ശൂർ.—4

DC Library
*00020170*
T60 G65

## എല്ലാവരും വായ...

## പ്രസിദ്ധീ...

| | | |
|---|---|---|
| വെളിച്ചത്തിൻെറ ശത്രുക്കൾ | —ഗോപാലകൃഷ്ണൻ കോലഴി. | 1–50 |
| വലകെട്ടുന്ന എട്ടുകാലി | ,, | 1–25 |
| അമ്മൂമ്മ | ,, | 1–00 |
| ചന്ദനക്കാററ്. | —പടിയത്ത്. | 1–25 |
| ആരോമൽച്ചേകവരുടെ കാമുകി | —സൈലം. | 1–25 |
| ഏററുമീൻ കെ. ഐ. സി. | —മാരാത്ത്. | 1–50 |
| പ്രേമത്തിൻെറ മുൾക്കിരീടം. | —വല്ലച്ചിറ. | 1–50 |
| പടയൊരുക്കം | ,, | 1–25 |
| കാനനം വീണ്ടും തളിർത്തു. | ,, | 0–75 |
| വെള്ളിനിലാവ് | —പടിയത്ത്. | 1–25 |
| മുൾച്ചെടി | ,, | 1–25 |
| മദനകാമരാജൻ ചരിത്രം | ,, | 1–50 |
| വിക്രമാദിത്യചരിത്രം | ,, | 2–25 |
| കുടിൽവ്യവസായശാസ്ത്രം | —വളഞ്ഞവട്ടം. | 1–25 |
| പ്രേമ | —സി. കെ. സെബാസ്റ്റ്യൻ | 2–50 |
| രാജസ്ഥാനരത്നം | ,, | 0–50 |
| അറബിക്കടൽ ശാന്തമാണ്. | —ടി. പി. നീലൂർ. | 3–00 |
| വെള്ളിപ്പാററകൾ | —തോലത്ത്. | 1–25 |

സി. എം. ബുക്ക്സ്റ്റാൾ,

കുന്നംകുളം.

# ആനശാസ്ത്രം



T60
G65

Indic Digital Archive Foundation
gpura.org